ലേർണിംഗ് സിറ്റി തൃശൂർ

# തൃശൂരിന് വേണ്ടി ഒരു യുവജന അവകാശപത്രിക

- 2025 -

www.learningcitythrissur.org

# ഉള്ളടക്കം


01. ആമുഖം 03

02. ഞങ്ങൾ ആവശ്യപ്പെടുന്ന മേഖല തിരിച്ചുള്ള പ്രവർത്തനങ്ങൾ 05

01. സമൂഹം, സംസ്കാരം, സമാധാനം 05
02. ജനാധിപത്യം, ഭരണനിർവഹണം 06
03. പരിസ്ഥിതി, ആവാസവ്യവസ്ഥ, കാലാവസ്ഥ 07
04. സമ്പദ് വ്യവസ്ഥ 09
05. ജീവനോപാധികളും തൊഴിലും 10
06. ആരോഗ്യവും ക്ഷേമവും 12
07. ഭക്ഷണം 13
08. ജലം 14
09. പഠനം, വിദ്യഭ്യാസം, ജ്ഞാനസമ്പാദനം 15
10. ഊർജ്ജം 16
11. പാർപ്പിടങ്ങളും നഗരാസൂത്രണവും 17
12. ഗതാഗതവും യാത്രാസൗകര്യവും 19
13. മാധ്യമം 20
14. മാലിന്യ സംസ്കരണം 20
15. പൊതുസ്വത്ത് 22

03. ഉപസംഹാരം 24

04. അനുബന്ധം 25

05. ലേർണിംഗ് സിറ്റി തൃശൂരിനെ കുറിച്ച് 31

# ആമുഖം

**ഭാവിയുടെ രൂപീകരണം ആരംഭിക്കുന്നത്,
വർത്തമാനകാലത്തെ പുനർവിചിന്തനം ചെയ്യുന്നതിലൂടെയാണ്.**

## തൃശൂരിന്റെ ഭാവിയ്ക്കായി നമ്മുടെ കൂട്ടായ നിലപാട്

ലോകം ഇന്ന് ബഹുമുഖവും പരസ്പര ബന്ധിതവുമായ വിവിധ പ്രതിസന്ധികളുടെ ഒന്നുചേരൽ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആഗോളതലം മുതൽ പ്രാദേശിക തലം വരെ പ്രതിധ്വനിക്കുന്ന ഒരു ബൃഹത് പ്രതിസന്ധി* (metacrisis). അത് ഇവിടെ തൃശൂരിലെ നമ്മുടെ ജീവിതത്തേയും സ്പർശിക്കുന്നു. ജൈവവൈവിധ്യ നഷ്ടം, കാലാവസ്ഥാ ദുരന്തങ്ങൾ തുടങ്ങിയ പാരിസ്ഥിതിക അടിയന്തരാവസ്ഥകൾ; വർദ്ധിച്ചുവരുന്ന അസമത്വത്തിന്റെയും ദാരിദ്ര്യത്തിന്റെയും സാമൂഹിക-സാമ്പത്തിക തകർച്ചകൾ; ബഹുസ്വരതയ്ക്ക് ഭീഷണിയാകുന്ന സ്വേച്ഛാധിപത്യത്തിലേക്കുള്ള രാഷ്ട്രീയ മാറ്റങ്ങൾ; വൈവിധ്യത്തെ ഇല്ലാതാക്കുന്ന സാംസ്കാരിക ഏകീകരണം; അന്യവൽക്കരണത്തിന്റെയും അർത്ഥശൂന്യതയുടെയും വ്യാപകമായ സ്വകാര്യാനുഭവങ്ങൾ; എന്നിവയ്ക്കെല്ലാം ആഗോളതലത്തിൽ നാം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. ഇവ വിദൂരമായ പ്രതിസന്ധികളല്ല. നമ്മുടെ തൃശ്ശൂർ നഗരത്തിലും അവയുടെ സംയുക്ത ഫലങ്ങൾ നമുക്ക് അനുഭവപ്പെടുന്നു. നിരന്തരം അസ്ഥിരതകൾ സൃഷ്ടിക്കുന്ന പ്രതിസന്ധിയുടെ സങ്കീർണ്ണമായ ഈ ശൃംഖല, ഒരേ സമയം അടിയന്തിരവും ആഴത്തിൽ വ്യവസ്ഥാപിതവുമായ പ്രതികരണങ്ങൾ ആവശ്യപ്പെടുന്നു.

ഈ നിർണ്ണായക നിമിഷത്തിൽ സമൂഹത്തിലെ എല്ലാ ഭാഗങ്ങളിൽ നിന്നും പ്രതികരണങ്ങൾ ആവശ്യമാകുന്നു. വെല്ലുവിളികൾ ആഗോളതലത്തിലുള്ളതാണെങ്കിലും പോംവഴികൾ പ്രാദേശികമാകേണ്ടതുണ്ട്. നീതി, സുസ്ഥിരത, ക്ഷേമം എന്നിവയിൽ വേരൂന്നിയുള്ള വ്യവസ്ഥകളെ ഫലവത്തായി നമുക്ക് പുനർനിർമ്മിക്കാനാകുക പ്രാദേശിക തലത്തിൽ നമ്മുടെ നഗരങ്ങളിലും സമൂഹങ്ങളിലുമാണ്. ഭരണ സംവിധാനത്തിൽ, നഗരത്തിലെ ജനങ്ങളുമായി ഏറ്റവും അടുത്തു നിൽക്കുന്നതാണ് തൃശൂർ നഗരസഭ. അതുകൊണ്ടു തന്നെ, പ്രാദേശിക സ്വരങ്ങളെ ഉൾക്കൊണ്ട്, അതിനനുസരിച്ചു പ്രവർത്തിച്ച്, ഈ പരിവർത്തനത്തെ നയിക്കാനായി അനന്യമായ കരുത്തും ഉത്തരവാദിത്വവും അതിനുണ്ട്.

## സമൂഹത്തിൽ വേരൂന്നിയ പ്രവർത്തനം

കോവിഡ്-19 മഹാമാരിയുടെ സംഘർഷങ്ങൾക്കിടയിൽ 2020-ലാണ് ലേർണിംഗ് സിറ്റി തൃശൂർ രൂപം കൊണ്ടത്. ബന്ധങ്ങളിൽ അടിസ്ഥിതമായ, പൗരബോധ്യമുള്ള സമൂഹത്തിലാണ് അതിജീവനശേഷിയുള്ള ഭാവിയ്ക്ക് അടിത്തറയുണ്ടാകുന്നതെന്ന വിശ്വാസത്തിൽ നിന്നായിരുന്നു അതിന്റെ തുടക്കം. പൊതുവായ കൂടിച്ചേരലുകളിലൂടെയും പാഠ്യ പരിപാടികളിലൂടേയും ഞങ്ങൾ നമ്മുടെ നഗരത്തെ പുനർവിചിന്തനം ചെയ്യാനായി പ്രവർത്തിച്ചു. അതുവഴി തൃശൂരിലെ ജനതയ്ക്ക് അവരവരോടും, പരസ്പരവും, പ്രകൃതിയുമായുമുള്ള ബന്ധം പരിപോഷിപ്പിക്കുവാൻ.

ദീർഘവീക്ഷണമില്ലാത്ത ഹ്രസ്വകാല മാർഗ്ഗരേഖകളും പ്രവർത്തനങ്ങളും മൂലം ആഴമേറികൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്കെതിരെ ദീർഘകാല പ്രതിരോധശേഷി കെട്ടിപ്പടുക്കുന്നതിനുള്ള ഒരു സുപ്രധാന തന്ത്രമായി ഞങ്ങൾ പ്രാദേശികവൽക്കരണത്തെ നിർദ്ദേശിക്കുന്നു.

## തൃശൂരിലെ യുവജനങ്ങൾ ചേർന്ന് തയ്യാറാക്കിയ ഒരു അവകാശപത്രിക

യുവജന അവകാശപത്രിക എന്നത് ആ പ്രതിജ്ഞാബദ്ധതയുടെ നേരിട്ടുള്ള ഫലമാണ്. ഇത് തൃശൂരിലെ യുവാക്കളുടെ സഞ്ചിത സ്വരമാണ്. നമ്മുടെ പ്രാദേശിക ഭരണകൂടത്തിൽ നിന്നാവശ്യപ്പെടുന്ന പ്രവർത്തനങ്ങളുടെ രൂപരേഖയാണ്. ഒരു ദശാബ്ദത്തോളം ഇന്ത്യയിലെമ്പാടുമുള്ള പ്രവർത്തനത്തിലൂടെ വികൽപ് സംഗം** വികസിപ്പിച്ച ബദൽ പരിവർത്തനത്തിന്റെ രൂപരേഖയുപയോഗിച്ച്,

---

* ബൃഹത് പ്രതിസന്ധി (metacrisis) എന്നാൽ നമ്മുടെ സമൂഹത്തിന്റെ അടിസ്ഥാന പ്രവർത്തന വ്യവസ്ഥയെ പരാജയപ്പെടുത്തുന്ന സമഗ്രവും വ്യവസ്ഥാപിതവുമായ പ്രതിസന്ധിയാണ്. ഈ ബൃഹത് പ്രതിസന്ധി വ്യവസ്ഥയിൽ അപര്യാപ്തമായ ഭരണസംവിധാനങ്ങൾ, കാലഹരണപ്പെട്ട സാമ്പത്തിക മാതൃകകൾ, പരിമിതമായ ലോകവീക്ഷണങ്ങൾ എന്നിവയെല്ലാം പാരിസ്ഥിതിക തകർച്ച, സാങ്കേതിക വിദ്യമൂലമുള്ള അലങ്കോലങ്ങൾ, ഭൂരാഷ്ട്രതന്ത്രപരമായ അസ്വസ്ഥതകൾ, സാമൂഹിക വിഘടനങ്ങൾ പോലുള്ള പല ആഗോള പ്രതിസന്ധികൾക്കും തുടക്കം കുറിപ്പിക്കുകയും അവയെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്നു.

** വികൽപ് സംഗം എന്നാൽ 'ബദലുകളുടെ സംഗമം'. നീതിപൂർവകവും തുല്യതയുള്ളതും സുസ്ഥിരവുമായ മാനവിക, പാരിസ്ഥിതിക ക്ഷേമം മുൻനിർത്തി പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾ, സംഘങ്ങൾ, വ്യക്തികൾ എന്നിവരെ ഒന്നിച്ചു കൊണ്ടുവരുന്ന ഒരു പൊതുവേദിയാണ് വികൽപ് സംഗം. നിലവിലെ വികസന മാതൃകയെ അതിന്റെ അടിസ്ഥാനമായ അസമത്വ സ്വരൂപങ്ങളുടെ പേരിലും അതിൽ അന്തർലീനമായ അനീതിയുടെ പേരിലും അതു തിരസ്കരിക്കുന്നു; ദർശനത്തിലും പ്രയോഗത്തിലും ബദലുകൾക്കു വേണ്ടിയുള്ള അന്വേഷണങ്ങളിൽ അത് വ്യാപൃതമാകുന്നു.

യുവാക്കളുമായി ചർച്ച ചെയ്തുകൊണ്ടുള്ള അതിസൂക്ഷ്മതയുള്ള ഒരു പ്രക്രിയയിലൂടെയാണ് ഈ വീക്ഷണം ഞങ്ങൾ നിർമ്മിച്ചെടുത്തത്. സാമൂഹ്യക്ഷേമവും നീതിയും, സാമ്പത്തിക ജനാധിപത്യം, പാരിസ്ഥിതിക അതിജീവനശേഷി, നേരിട്ടുള്ളതും പ്രാതിനിധ്യമുള്ളതുമായ ജനാധിപത്യം, സാംസ്കാരിക വൈവിധ്യവും ജ്ഞാന ജനാധിപത്യവും, എന്നിങ്ങനെയുള്ള പരസ്പരബന്ധിതമായ അഞ്ച് മണ്ഡലങ്ങളിലൂടെയുള്ള പരിവർത്തനമാണ് അത് വിഭാവനം ചെയ്യുന്നത്.

ഈ ചട്ടക്കൂടിന്റെ മാർഗ്ഗദർശനത്തോടെ, ജീവിതത്തിന്റെ വിവിധ വശങ്ങളിൽ, ഐക്യദാർഢ്യം, അന്തസ്സ്, പരസ്പരബന്ധിതത്വം, വൈവിധ്യം, സ്വയംഭരണം, ആനന്ദം തുടങ്ങിയ മൂല്യങ്ങൾ എങ്ങനെ തൃശൂരിന്റെ ഘടനയിൽ തുന്നിച്ചേർക്കാനാകും എന്ന് ഞങ്ങൾ ആരാഞ്ഞു. അതിന്റെ ഫലം, നഗരത്തിനായുള്ള സമ്പൂർണ്ണവും, പ്രതീക്ഷാനിർഭരവും, പ്രായോഗികവുമായ ഒരു വീക്ഷണമായിരുന്നു. നഗരത്തിലെ ജനങ്ങൾക്കും പരിസ്ഥിതിയ്ക്കും ക്ഷേമം ഉറപ്പു തരുന്ന ഒരു വീക്ഷണം.
ഈ പത്രിക കേവലമൊരു ആവശ്യങ്ങളുടെ പട്ടികയ്ക്കപ്പുറമാണ്. ഇത് അഭിവൃദ്ധിയാർന്നതും, അതിജീവനശേഷിയുള്ളതും, ആനന്ദകരവുമായ തൃശ്ശൂരിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശമാണ്. യുവാക്കൾക്ക് പ്രതീക്ഷയും ലക്ഷ്യങ്ങളും സാധ്യതകളും നിറഞ്ഞ ഒരു നഗരത്തെ വിഭാവനം ചെയ്യുന്നതിന് പ്രതിജ്ഞാബദ്ധരായ രാഷ്ട്രീയ കക്ഷികൾക്കും പൊതുസ്ഥാപനങ്ങൾക്കും സഹ പൗരന്മാർക്കും മുന്നിൽ ഞങ്ങൾ ഈ അവകാശപത്രിക അവതരിപ്പിക്കുന്നു.

– ലേർണിംഗ് സിറ്റി തൃശൂർ

# ഞങ്ങൾ ആവശ്യപ്പെടുന്ന, മേഖല തിരിച്ചുള്ള പ്രവർത്തനങ്ങൾ

ഈ ഭാഗം ഞങ്ങളുടെ കൂട്ടായ കാഴ്ചപ്പാടിനെ ദൃഢമായ പ്രവർത്തനങ്ങളായി മാറ്റുന്നതിനുള്ളതാണ്. നമ്മുടെ നഗരത്തിലെ ജീവിതത്തിന്റെ അനിവാര്യ വശങ്ങളായ വിവിധ മേഖലകളിലെ നയപരവും പരിപാടിപരവുമായ പ്രത്യേക ആവശ്യങ്ങൾ ഞങ്ങൾ ഇവിടെ ഉന്നയിച്ചിരിക്കുന്നു.
ഒരു ജനകീയ കൂട്ടായ്മ എന്ന നിലയിൽ, ഞങ്ങൾ ആവശ്യപ്പെടുന്ന ഉത്തരവാദിത്തത്തിന്റെയും സുതാര്യതയുടെയും അതേ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, ഈ ലക്ഷ്യങ്ങൾക്കായി സജീവമായി പ്രവർത്തിക്കാൻ ലേണിംഗ് സിറ്റി തൃശ്ശൂർ പ്രതിജ്ഞാബദ്ധമാണ്. അതിനോടൊപ്പം തൃശൂർ നഗരസഭ, സർക്കാർ സ്ഥാപനങ്ങൾ, നമ്മുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്നിവരെല്ലാം ഈ ആവശ്യങ്ങളെ അവ അർഹിക്കുന്ന വേഗത്തോടും പ്രതിബദ്ധതയോടും സത്യസന്ധതയോടും കൂടി നിറവേറ്റുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

**01. സമൂഹം, സംസ്കാരം, സമാധാനം**

ജീവസ്സുറ്റ സാഹിത്യ-സംഗീത-കലാപര മണ്ഡലങ്ങളിലും, ഗ്രന്ഥാലയങ്ങളിലും ശാന്തിയോടെയുള്ള സഹവർത്തിത്വ ചരിത്രത്തിലും പ്രകടമായിരിക്കുന്ന കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്ന നിലയിലുള്ള തൃശൂരിന്റെ പൈതൃകം ഇന്ന് ഒരു പുതിയ ലക്ഷ്യം ആവശ്യപ്പെടുന്നു. ലോകം ഇന്ന് കാലാവസ്ഥാ വ്യതിയാനം, രാഷ്ട്രീയ-മതം-സാംസ്കാരിക ധ്രുവീകരണം, സാമ്പത്തിക അസമത്വം, ഭക്ഷ്യസുരക്ഷയില്ലായ്മ എന്നിങ്ങനെ പരസ്പര ബന്ധിതമായ ദുരിതങ്ങളിൽ വീർപ്പുമുട്ടിക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ നഗരത്തിന്റെ സാംസ്കാരിക കരുത്തിനെ ഈ വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിനായും കരുത്തുള്ള ഒരു സമൂഹം രൂപപ്പെടുത്തുന്നതിനായും വ്യതിചലിപ്പിക്കേണ്ടതുണ്ട്.

നഗരങ്ങളിലെ യുവജനങ്ങൾ ഒന്നുകിൽ അമിത ഉപഭോഗത്വം അല്ലെങ്കിൽ സാമൂഹിക സമ്മർദ്ദങ്ങളാൽ ശ്രദ്ധ വ്യതിചലിച്ചിട്ടുള്ളവരാണ്. അവർക്ക് ഇത്തരം പ്രതിസന്ധികളെ അർത്ഥവത്തായി നേരിടാൻ അതിനാൽ തന്നെ ഇടം ലഭിക്കുന്നില്ല. ഒരു വ്യക്തിയുടെ യഥാർത്ഥ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന തൃശൂരിനെ പുനഃസങ്കല്പിക്കണം എന്നു ഞങ്ങൾ ആവശ്യപ്പെടുന്നു. ആഹാരം, ഭാഷ, ഉത്സവങ്ങൾ എന്നിവയെ ആഘോഷമാക്കാൻ വേണ്ടയിടങ്ങൾ സൃഷ്ടിക്കുക എന്നതാണിതുകൊണ്ട് അർത്ഥമാക്കുന്നത്. അതിനൊപ്പം തന്നെ നിർണായക വിഷയങ്ങളിൽ ഇടപെടൽ, കലാപരമായ ആവിഷ്കാരം, മാനസിക ക്ഷേമം, പ്രാപഞ്ചിക അതിരുകളോട്* ബഹുമാനം എന്നിവയ്ക്കായും സാഹചര്യങ്ങളൊരുക്കേണ്ടതുണ്ട്. ശാന്തിയും ഐക്യവും ഉയർത്തിപ്പിടിക്കാൻ പ്രകടനാത്മകതകളെ ഒഴിവാക്കി ഏറ്റവും ദുർബലരായവർക്കായുള്ള യഥാർത്ഥ കർമ്മപരിപാടികൾ വേണ്ടിയിരിക്കുന്നു.

ന്യായബോധമില്ലാതെ യഥാർത്ഥ ശാന്തി, സാംസ്കാരിക മൈത്രി എന്നിവയ്ക്ക് നിലനിൽക്കാനാകില്ല. സ്വാതന്ത്ര്യം ലഭിച്ച് ദശാബ്ദങ്ങൾ പിന്നിട്ടിട്ടും, സ്ത്രീകൾ, ദളിത്-ബഹുജൻ-ആദിവാസി സമുദായങ്ങൾ, എൽ.ജി.ബി.ടി.ക്യു.ഐ.എ+ വ്യക്തികൾ, വൈകല്യമുള്ള വ്യക്തികൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ എന്നിവരടക്കമുള്ള അരികുവത്കരിക്കപ്പെട്ട വിഭാഗങ്ങൾ ഇന്നും സുരക്ഷയ്ക്കും കുലീനത്വത്തിനുമായി പോരാടുന്നു. തൃശൂരിൽ ഇവരെ പൂർണ്ണമായും ഉൾക്കൊള്ളുന്നതിനും സംരക്ഷിക്കുന്നതിനുമായി കരുത്തുറ്റ നടപടകിയളോടുകൂടിയ ബോധപൂർവ്വമുള്ള സകാരാത്മക പ്രവർത്തനങ്ങൾ വേണം എന്നു ഞങ്ങൾ ആവശ്യപ്പെടുന്നു.

കേൾക്കപ്പെടാത്തെ ശബ്ദങ്ങൾക്ക് അവസരം നൽകുകയും, വ്യക്തിപരവും സാമുദായികവുമായ മൂല്യങ്ങളെ ഉണർത്തുകയും ചെയ്യുന്ന, സുരക്ഷ, ശാന്തി, ആവിഷ്കാര സ്വാതന്ത്ര്യം എന്നിവയിൽ കേന്ദ്രീകൃതമായ ഒരു സാംസ്കാരിക പുനരുജ്ജീവനം ഞങ്ങൾ വിഭാവനം ചെയ്യുന്നു. പ്രതിസന്ധികളാൽ മരവിക്കപ്പെടാത്ത ഒരു സമൂഹത്തിനായി ഞങ്ങൾ ഉദ്യമിക്കുന്നു. അതേ സമയം ആ സമൂഹം, സങ്കീർണ്ണമായ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുമ്പോൾ അതിജീവനശേഷിയുള്ളതും ധീരതയുള്ളതുമാകണം. കൂട്ടായി എല്ലാവരേയും ഉൾക്കൊള്ളുന്ന ഒരു സംസ്കാരത്തെ പുനർനിർമ്മിക്കുകയും വേണം.

---

* പ്രാപഞ്ചിക അതിരുകളുടെ രൂപരേഖ (Planetary Boundaries Framework) കാലാവസ്ഥാ വ്യതിയാനം, ജൈവമണ്ഡല സമഗ്രത തുടങ്ങിയ ഒമ്പത് പ്രധാന ഭൗമവ്യവസ്ഥാ പ്രക്രിയകളെ അളക്കുന്നതിലൂടെ, മനുഷ്യരാശിക്ക് സുരക്ഷിതമായ ഒരു പ്രവർത്തന ഇടത്തെ തിരിച്ചറിയുന്നു. അവയുടെ പരിധിക്കപ്പുറത്തേക്ക് മനുഷ്യരാശിയുടെ പ്രവർത്തനം നീങ്ങുന്നത് ഒരിക്കലും വീണ്ടെടുക്കാനാകാത്തതും ദ്രുതഗതിയിലുമുള്ള പാരിസ്ഥിതിക മാറ്റങ്ങൾക്ക് ആഗോള തലത്തിൽ തന്നെ കാരണമാക്കിയേക്കും.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- കാലാവസ്ഥാ വ്യതിയാനം മുതൽ മനുഷ്യാവകാശ ലംഘന പ്രതിസന്ധികൾ വരെയുള്ള നിർണ്ണായകമായ ആഗോള പ്രശ്നങ്ങളെക്കുറിച്ച് പൊതു അവബോധം സൃഷ്ടിക്കാനും അവയോട് കൂട്ടായ സംവേദനക്ഷമത പരിപോഷിക്കാനുമായി സിനിമാ-ഡോക്യുമെന്ററി പ്രദർശനങ്ങൾക്ക് ആതിഥേയത്വം വഹിക്കുക.
- നമ്മുടെ പരസ്പരം പങ്കിടുന്ന പൊതുയിടങ്ങളിൽ വൈവിധ്യത്തെ ദൃശ്യമായി ആഘോഷിക്കുകയും സാധാരണവൽക്കരിക്കുകയും ചെയ്യുന്ന പൊതു പ്രവർത്തനങ്ങളും ഇൻസ്റ്റാളേഷനുകളും സംഘടിപ്പിച്ചുകൊണ്ട് മതേതരമായ മൂല്യങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.
- പ്രാദേശിക കല, കരകൗശല ശില്പശാലകൾ, ഗൈഡഡ് നടത്തങ്ങൾ, പൊതുപഠന പരിപാടികൾ എന്നിവയിലൂടെ വൈദഗ്ധ്യവും ജ്ഞാനവും പങ്കിടുന്ന ഒരു പ്രക്രിയ സമൂഹജീവിതത്തിലേക്ക് കൂട്ടിച്ചേർക്കുക.
- കലാമേഖലകളിലുള്ളവരുമായി സഹകരിച്ച്, യുവജനങ്ങളുടെ ആവിഷ്കാര വൈദഗ്ദ്യം പരിപോഷിപ്പിക്കുവാൻ പ്രത്യേക ഇടങ്ങൾ ഒരുക്കുക.
- പൊതുജനങ്ങൾക്കെത്തിപ്പെടാവുന്നയിടങ്ങളിൽ, പൊതുവേദികളിൽ, സൗജന്യമായി സംഗീതം, നൃത്തം, കവിത, ചർച്ച എന്നിവയിലൂടെയൊക്കെ സ്വയം പ്രകടിപ്പിക്കാനായുള്ള സൗകര്യങ്ങളോടുകൂടിയ വേദികൾ ഒരുക്കുക.
- സാംസ്കാരിക തലസ്ഥാനം എന്ന നിലയിൽ തൃശൂരിന്റെ സവിശേഷത പുനർനിർമ്മിക്കും വിധം എല്ലാ വർഷവും ഒരു യുവജന സാംസ്കാരിക സമ്മേളനം-ആഘോഷം സംഘടിപ്പിക്കുക. അതിൽ ഇന്നത്തെ യുവാക്കളെ സംബന്ധിച്ചിടത്തോളം സംസ്കാരത്തിന്റെ അർത്ഥമെന്തെന്നതിനെക്കുറിച്ച് സൂക്ഷ്മാന്വേഷണം നടത്തുകയും, ഡിജിറ്റൽ, ഭൗതിക, അക്കാദമിക്, ജീവിത അനുഭവങ്ങൾ തമ്മിലുള്ള വിടവുകളെ നികത്തിക്കൊണ്ടിരിക്കെ തന്നെ കൂടുതൽ സമഗ്രമായ ഭാവിയ്ക്ക് രൂപം കൊടുക്കുക.
- കുടുംബം, സുഹൃത്തുക്കൾ, വിദ്യഭ്യാസ/ ഔദ്യോഗിക ജീവിതം, വിനോദം എന്നീ നാല് പരമ്പരാഗത മേഖലകൾക്കപ്പുറം യുവാക്കൾക്കായി അഞ്ചാമിടങ്ങൾ (ഫിഫ്ത്ത് സ്പേസുകൾ) സ്ഥാപിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക. ആഴത്തിലുള്ള ആത്മപരിശോധന പരിപോഷിപ്പിക്കുന്നതിനും, സാമൂഹിക പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനും, യുവാക്കളെ കർമനിരതരായ പൗരന്മാരുമായി മാറാൻ ശാക്തീകരിക്കുന്നതിനും ഇത് സഹായിക്കും.

## 02. ജനാധിപത്യം, ഭരണനിർവഹണം

നമ്മുടെ ഭരണഘടന വിപ്ലവകരമായ ഒരു വാഗ്ദാനമാണ്. ജനാധിപത്യ പ്രവർത്തനങ്ങൾ, പൗരാവകാശം, സ്വയംഭരണം എന്നിവ അത് ഉറപ്പുനൽകുന്നു. നഗര സ്വയം ഭരണത്തിനുള്ള ചട്ടക്കൂടുകൾ നിലവിലുണ്ടെങ്കിലും അതിന്റെ നടത്തിപ്പുകൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്തേണ്ട ആവശ്യകത അടിയന്തിരമാണ്. ദേശീയ തലത്തിൽ വിയോജിപ്പുകളെ അടിച്ചമർത്തൽ, അഭിപ്രായങ്ങൾ പരിമിതപ്പെടുത്തൽ, സമാധാനപരമായ ഒത്തുചേരൽ അടിച്ചമർത്തൽ തുടങ്ങിയ രൂപങ്ങളിൽ ജനാധിപത്യ സ്വാതന്ത്ര്യങ്ങളുടെ ഭയാനകമായ തകർച്ച നാം കാണുന്നു. അതിനാൽ തന്നെ ജനാധിപത്യം നമുക്കേറ്റവും അടുത്തു നിൽക്കുന്നയിടത്തിൽ, നമ്മുടെ നഗരത്തിൽ, അതിനെ ശാക്തീകരിക്കുക എന്നത് കൂടുതൽ നിർണ്ണായകമാകുന്നു.

യഥാർത്ഥ പ്രാദേശിക സ്വയംഭരണം എന്ന ഭരണഘടനാവീക്ഷണത്തിലേക്ക് വിപ്ലവകരവും മൗലികവുമായ ഒരു തിരിച്ചുപോക്ക് ഞങ്ങൾ ആവശ്യപ്പെടുന്നു. ഈ ഭാഗം അർത്ഥവത്തായ വിധത്തിൽ അധികാരം പങ്കിടുന്നതിനായി, ചർച്ചകൾക്കും അപ്പുറത്തേക്കു കടന്നുള്ള അവശ്യ മാർഗ്ഗങ്ങൾ എന്തൊക്കെയെന്നതിനായുള്ള, ഞങ്ങളുടെ ആവശ്യങ്ങളുടെ രൂപരേഖയാണ്. നമ്മുടെ കൂട്ടായ ഭാവി രൂപപ്പെടുത്തുന്നതിൽ ഓരോ പൗരനും സക്രിയ പങ്കാളിത്തമുള്ള തൃശൂർ ഞങ്ങൾ ആവശ്യപ്പെടുന്നു. അതുവഴി നമ്മുടെ നഗരസഭ ഒരു ഭരണനിർവ്വഹണ സംസ്ഥ മാത്രമല്ല, എല്ലാവരേയും സംരക്ഷിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്ന ഒരു യഥാർത്ഥ ജനാധിപത്യയിടമാണെന്ന് ഉറപ്പുവരുത്തണം.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- സാമൂഹ്യ സമത്വം, പരിസ്ഥിതി പുനരുജ്ജീവനം, സാമ്പത്തികാഭിവൃദ്ധി എന്നീ മൂന്ന് മാപനികൾ ഉൾക്കൊണ്ട് പ്രധാന പദ്ധതികൾക്കെല്ലാം ട്രിപ്പിൾ ബോട്ടംലൈൻ ബജറ്റിങ്ങ്* (Triple Bottom Line Budgeting)

* ട്രിപ്പിൾ ബോട്ടം ലൈൻ ബജറ്റിങ്ങ് എന്നത് സാമൂഹികം, പാരിസ്ഥിതികം, സാമ്പത്തികം എന്നീ മൂന്ന് നിർണ്ണായക വശങ്ങളെ ഉൾക്കൊണ്ടുള്ള സാമ്പത്തിക പദ്ധതിരൂപീകരണ സമീപനമാണ്. അറ്റാദായം എന്ന ഒറ്റതത്ത്വത്തോടുകൂടിയ നയത്തിൽ നിന്നുള്ള മാറ്റമാണ് ഈ മൂന്ന് അടിസ്ഥാന തത്ത്വങ്ങളോടുകൂടിയ ബജറ്റിങ്ങ്. ഇത് ഒരു പദ്ധതിക്കായുള്ള ചെലവുകളും നിക്ഷേപങ്ങളും, അതിന്റെ സാമ്പത്തിക ലക്ഷ്യം മാത്രമല്ല, അതിനോടൊപ്പം സാമൂഹിക-പാരിസ്ഥിതിക ലക്ഷ്യങ്ങളും നേടുന്നു എന്ന് ഉറപ്പുവരുത്തുന്നു. ദീർഘകാല സാമ്പത്തികാഭിവൃദ്ധി, ജനങ്ങളുടെ ക്ഷേമം, ഭൂമിയുടെ ആരോഗ്യം, എന്നിവയുമായി ഇതെല്ലാം വേർപ്പെടുത്താൻ സാധ്യമല്ലാത്ത വിധം ബന്ധപ്പെട്ടതാണെന്ന് അത് ഉൾക്കൊള്ളുന്നു.

നിർബന്ധമാക്കുക. അതുവഴി ബജറ്റ് എന്നാൽ കേവലം സാമ്പത്തിക അക്കൗണ്ടിങ്ങ് മാത്രം എന്നതിനപ്പുറത്തേക്ക് നീങ്ങുക.

- പങ്കാളിത്ത ബജറ്റിങ്ങ്** (Participatory Budgeting) നടപ്പിൽ വരുത്തുകയും നഗരത്തിലെ പ്രത്യേകാൽ പദ്ധതികളുടെ ബജറ്റ് സംബന്ധിയായ നിയന്ത്രണങ്ങളും അധികാരങ്ങളും പൗരന്മാരെ ഏല്പിക്കാനുതകും വിധം പൗരസഭകൾ നടപ്പിൽ വരുത്തുകയും ചെയ്യുക. അതുവഴി പൊതുജന വിശ്വാസം, കൂടുതൽ മെച്ചപ്പെട്ട പോംവഴികൾ, എന്നിവ നിർമ്മിച്ചെടുക്കുകയും കൂട്ടായ പ്രവർത്തനത്തിനു പ്രാപ്തിയും യോഗ്യതയുമുള്ള കാര്യവ്യഗ്രരായ പൗരന്മാരെ സൃഷ്ടിക്കുകയും ചെയ്യുക.
- സുതാര്യമായും വിവരങ്ങൾ കൈമാറിയും വാർഡ്-തലത്തിലുള്ള ഭരണത്തെ സ്ഥാപനവത്കരിക്കുക. അതിനായി നിരന്തരം വാർഡ് തല യോഗങ്ങൾ നടത്തുക. തീരുമാനങ്ങളെടുക്കുന്നതിൽ യഥാർത്ഥ പൊതുജന പങ്കാളിത്തമുറപ്പാക്കുന്ന കരുത്തുള്ള യന്ത്രസംഹിതകൾ സ്ഥാപിച്ചെടുക്കുക.
- വാർഡ് കൗൺസിലർമാരിൽ നിന്ന് സുതാര്യവും വിവരദായകവുമായ സമ്പർക്കങ്ങൾ നിർബന്ധമാക്കുക. പതിവായ വാർഡ് മീറ്റിംഗുകൾ ഉറപ്പുവരുത്തുക, തീരുമാനമെടുക്കലിൽ യഥാർത്ഥ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് ശക്തമായ സംവിധാനങ്ങൾ സ്ഥാപിക്കുക.
- വാർഡ് കൗൺസിലർമാർ അവരുടെ പ്രദേശങ്ങളിലെ പൊതു പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ ഔപചാരികമായി അറിയിക്കുന്നത് നിർബന്ധമാക്കുക. ഇതിൽ വൃക്ഷങ്ങൾ മുറിക്കൽ, കുഴികളെടുക്കൽ, ഏതെങ്കിലും സേവനത്തിന്റെ കലാവുധി അല്ലെങ്കിൽ മറ്റ് പ്രധാന മാറ്റങ്ങൾ ഉൾപ്പെടുന്നു.
- പൗരന്മാർക്ക് നഗരസഭയോ മറ്റ് സർക്കാർ സംസ്ഥകളോ നടപ്പിൽ വരുത്തുന്ന പദ്ധതികളുടെ ഗുണഭോക്താക്കളാകാൻ സഹായിക്കുന്നതിനായി വാർഡ് കൗൺസിലർമാരും റസിഡന്റ്സ് വെൽഫയർ അസോസിയേഷനുകളും തമ്മിൽ സക്രിയ സഹകരണം ഉറപ്പാക്കുക.
- റസിഡന്റ്സ് വെൽഫയർ അസോസിയേഷൻ നിലവിലില്ലാത്ത പ്രദേശങ്ങളിൽ അവയുടെ രൂപീകരണത്തെ സക്രിയമായി പിന്തുണയ്ക്കുക. അതുവഴി സമൂഹത്തിന്റെ സംഘടനാ ശേഷി ശക്തിപ്പെടുത്തുക.
- എല്ലാ പൗരർക്കും അവരുടെ അവകാശങ്ങളെന്തെന്നും ഉത്തരവാദിത്വങ്ങളെന്തെന്നും അറിയാനുതകും വിധത്തിൽ പൊതു അവബോധ പ്രവർത്തനങ്ങൾക്ക് തുടക്കമിടുക. അവർക്ക് പ്രാദേശിക നാഗരിക ചുമതലകൾ ഏറ്റെടുക്കാനുതകും വിധം സമീപിക്കാവുന്ന സരണികൾ സൃഷ്ടിക്കുക.
- എല്ലാ തീരുമാനങ്ങളും ബജറ്റ് വിഹിതങ്ങളും പ്രഖ്യാപനങ്ങളും പദ്ധതികളും, പദ്ധതികളുടെ പുരോഗതിയും നഗരസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ എളുപ്പത്തിൽ മനസിലാക്കാനാകും വിധം നിരന്തരം രേഖപ്പെടുത്തി കഴിയാവുന്നയത്ര സുതാര്യത ഉറപ്പു വരുത്തുക.
- പരാതികൾ സമർപ്പിക്കൽ, അവയുടെ പരിഹരണത്തെ പിന്തുടരൽ, പൊതു ചർച്ചകളിൽ പങ്കെടുക്കൽ എന്നിവയ്ക്കായുള്ള നടപടിക്രമങ്ങളെ ലളിതവത്കരിക്കുന്നതും ഉപഭോക്താക്കളോട് സൗഹൃദമുള്ളതുമായ മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുക.

## 03. പരിസ്ഥിതി, ആവാസവ്യവസ്ഥ, കാലാവസ്ഥ

നമ്മുടെ പരിസ്ഥിതി, ആവാസവ്യവസ്ഥ, കാലാവസ്ഥ എന്നിവ എല്ലാ ജീവനേയും നിലനിർത്തുന്ന പരസ്പര ബന്ധിതമായ ഒന്നാണ്. പ്രകൃതിവിഭവങ്ങൾ, ജൈവവൈവിദ്ധ്യം, വായു, ജലം, മണ്ണ്, ജീവജാലങ്ങൾ എന്നിവ തമ്മിലുള്ള ലോലമായ സമതുലിതാവസ്ഥ എന്നതും ഇതിന്റെ ഭാഗമാണ്. ആരോഗ്യമുള്ള ഒരു പരിസ്ഥിതി എന്നത് ആഢംബരമല്ല. അത്, തൃശൂരിൽ, നമ്മുടെ ആരോഗ്യത്തിന്റേയും സാമ്പത്തിക പ്രതിരോധശേഷിയുടെയും അനന്യമായ സാംസ്കാരിക സവിശേഷതയുടെയും അടിത്തറയാണ്.
പക്ഷേ ഈ അടിത്തറ ഭീഷണമാം വിധം അപകടത്തിന്റെ മുന്നിലാണ്. ആസൂത്രിതമല്ലാത്ത നഗര വികസനം നമ്മുടെ നിർണ്ണായകങ്ങളായ തണ്ണീർത്തടങ്ങളിലേക്കും നെൽപ്പാടങ്ങളിലേക്കും അതിക്രമിച്ചു കയറുന്നു. വനനശീകരണവും കാലാവസ്ഥാ വ്യതിയാനവും സ്വാഭാവികമായി സംഭവിക്കേണ്ടുന്ന ഒഴുക്കിനേയും ജൈവവൈവിധ്യത്തേയും പ്രാദേശിക സൂക്ഷ്മകാലാവസ്ഥയേയും തടസ്സപ്പെടുത്തുന്നു. ഇതിന്റെ പ്രത്യാഘാതങ്ങൾ ഗുരുതരമാണ്. തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കങ്ങളും വെള്ളക്കെട്ടുകളും, ഭൂഗർഭജലസ്രോതസ്സുകളുടെ വരൾച്ച, കുന്നുകൂടുന്ന മാലിന്യങ്ങൾ എന്നിവയും അവയിലുൾപ്പെടുന്നു. സമഗ്രമല്ലാത്ത കാലാവസ്ഥാ പ്രവർത്തനങ്ങളും നഗരാസൂത്രണത്തിലേക്ക് പരിസ്ഥിതിജ്ഞാനം

** പങ്കാളിത്ത ബജറ്റിങ്ങ് എന്നത് സമൂഹത്തിലെ അംഗങ്ങൾ നേരിട്ട് നഗരസഭയുടെ പൊതു ബജറ്റിന്റെ ഒരു ഭാഗം എങ്ങനെ ചിലവിടുന്നു എന്ന് തീരുമാനിക്കുന്ന ജനാധിപത്യ പ്രക്രിയയാണ്. പൊതുധനം എന്തിനുവേണ്ടിയാണ് ഉപയോഗിക്കപ്പെടേണ്ടതെന്ന് കണ്ടെത്തുക, ചർച്ച ചെയ്യുക, അത് പ്രകാരം മുൻഗണനകൾ നിശ്ചയിക്കുക എന്നീ പ്രവർത്തനങ്ങളിൽ ജനപ്രതിനിധികൾ മാത്രമല്ലാതെ എല്ലാ പൗരജനങ്ങളും പങ്കാളികളാകുന്ന നേരിട്ടുള്ള ജനാധിപത്യത്തിന്റെ ഒരു രൂപമാണിത്.

ഉൾച്ചേർക്കുന്നതിലുള്ള പരാജയവും ഈ പ്രതിസന്ധിയുടെ ആഴം വർദ്ധിപ്പിക്കുന്നു. അത് നഗരത്തിന്റെ സമ്പന്നമായ പൈതൃകത്തെ വീണ്ടെടുക്കാനാകാത്ത വീണ്ടെടുക്കാനാകാത്ത രീതിയിൽ അപായത്തിലാക്കുന്നു.

തൃശൂരിനായി ഞങ്ങൾ മറ്റൊരു പാത വിഭാവനം ചെയ്യുന്നു. അത് പാരിസ്ഥിതിക ഐക്യത്തിന്റേതാണ്, പരിസ്ഥിതിക്ക് മേലുള്ള ആധിപത്യത്തിന്റേതല്ല. പരിസ്ഥിതി, ആവാസവ്യവസ്ഥ, കാലാവസ്ഥ എന്നിവയെ ഏതൊരു വികസന തീരുമാനങ്ങളിലും ഉൾക്കൊള്ളേണ്ടതായുണ്ട്. മനുഷ്യജീവിതം പ്രകൃതിയിൽ നിന്ന് വേറിട്ടുള്ള ഒന്നല്ല, പകരം പ്രകൃതിയുടെ അവിഭാജ്യ ഘടകങ്ങളിൽ ഒന്നാണെന്ന് എല്ലാവരും മനസ്സിലാക്കലാണ് നമ്മുടെ ലക്ഷ്യം. അതായത്, അവനവന്റെ ആവശ്യത്തിനായി പിഴിതെടുക്കുക എന്ന യുക്തിയിൽ നിന്ന് നമ്മൾ എല്ലാവർക്കും വേണ്ടി പുനരുത്പാദിപ്പിക്കുക എന്നതിലേക്ക് ചുവടുമാറണം എന്നാണ്. അതിനായി പരിസ്ഥിതി ചിന്തയെ നമ്മുടെ ദൈനം ദിന ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലേക്കും നെയ്തുചേർക്കണം. പ്രകൃതി എന്നത് കൈകാര്യം ചെയ്യപ്പെടേണ്ട ഒരു വിഭവമല്ല, മറിച്ച് നമ്മുടെ സാമൂഹിക-സാംസ്കാരിക ക്ഷേമത്തിന്റെ ഉറവിടമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, അതിന്റെ ആവാസവ്യവസ്ഥയെ സുഖപ്പെടുത്തി മുന്നോട്ട് നീങ്ങുന്ന ഒരു നഗരത്തെയാണ് നമ്മൾ ആഗ്രഹിക്കുന്നത്.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- കുളങ്ങൾ, തോടുകൾ, തണ്ണീർത്തടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനായി വികേന്ദ്രീകൃതമായ ഒരു ജല മേൽനോട്ട പദ്ധതിയ്ക്ക് തുടക്കമിടുക. അവയുടെ പുനരുദ്ധാരണത്തിനും കൈകാര്യം ചെയ്യലിനുമായി പാരിസ്ഥിതിക ജ്ഞാനത്തിൽ അടിസ്ഥിതമായ ആധുനിക സമ്പ്രദായങ്ങൾ ഉപയോഗിക്കുക.
- മാലിന്യരഹിത അയൽപക്കങ്ങൾ കൈവരിക്കുന്നതിന് വ്യാപീകൃത ഉൽപാദക ഉത്തരവാദിത്തം (extended producer responsibility) നടപ്പിലാക്കുന്നതിനൊപ്പം, മാലിന്യം കുറയ്ക്കൽ, പുനരുപയോഗം, കമ്പോസ്റ്റ് എന്നിവയുടെ തത്വങ്ങളെ അടിസ്ഥാനമാക്കി നഗരവ്യാപകമായി ഒരു ചാക്രീയ സമ്പദ് വ്യവസ്ഥ (circular economy) സ്ഥാപിക്കുക.
- തദ്ദേശീയ മരങ്ങൾ, പരാഗണത്തിന് അനുയോജ്യമായ ആവാസ വ്യവസ്ഥകൾ, പരമ്പരാഗത വിളകൾ, ഭക്ഷ്യ വനങ്ങൾ, ഭക്ഷണത്തെ സമൂഹങ്ങളിലേക്ക് അടുപ്പിക്കുന്ന നഗര ഉദ്യാനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ ജൈവവൈവിധ്യം സജീവമായി പുനഃസ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ആരംഭിക്കുക.
- തൃശൂരിലെ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിച്ചു കഴിഞ്ഞാൽ നിലവിലുള്ള സ്ഥലം ഒരു സാമൂഹിക-സാംസ്കാരിക കേന്ദ്രവും നഗരത്തിനകത്തെ വനവുമാക്കി രൂപാന്തരപ്പെടുത്തി, കാർബൺ സംഭരണിയും പൊതുഹരിതയിടവുമാക്കി പരിവർത്തിപ്പിക്കുക.
- തണ്ണീർത്തടങ്ങളും നെൽപ്പാടങ്ങളും പുനരുജ്ജീവിപ്പിച്ചും, നഗരങ്ങളിലെ വൃക്ഷങ്ങളുടെ ആവരണം വികസിപ്പിച്ചും, കെട്ടിടനിർമ്മാണ നിയമങ്ങളിലും തെരുവുകളുടെ വിന്യാസത്തിലും പ്രകൃതി അടിസ്ഥാനമാക്കിയുള്ള കാലാവസ്ഥാ പൊരുത്തപ്പെടുത്തൽ/അനുരൂപീകരണം നടപ്പിൽ വരുത്തുക.
- വൃക്ഷങ്ങളുടെ ഡിജിറ്റൽ സെൻസസ് നടപ്പിലാക്കുക. അതുവഴി നഗരത്തിന്റെ ഹരിതാഭയെ അടയാളപ്പെടുത്തിവയ്ക്കുകയും അതിനെ നിരീക്ഷിക്കുകയും ചെയ്യുക. അത് തുല്യതയിലൂന്നിയ നഗരാസൂത്രണത്തിനു സഹായിക്കും. എല്ലായിടത്തും ആവശ്യത്തിനു തണലുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യും.
- പൊതു ഇടങ്ങളിലെ താപനില കുറയ്ക്കുന്നതിന് തന്ത്രപരമായ ഹരിതവൽക്കരണം, തണുപ്പ് നൽകുന്ന നടപ്പാതകൾ, ജല സംവേദനക്ഷമതയുള്ള നഗര രൂപകൽപ്പന എന്നിവ ഉപയോഗിച്ച് നഗരത്തിൽ ചൂട് ദ്വീപുകൾ (urban heat islands) ഉണ്ടാകുന്നതിൽ നിന്നും സംരക്ഷിക്കുക.
- വിവിധ മേഖലകളിലെ കാലാവസ്ഥാ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും സർക്കാർ വകുപ്പുകളുമായി ഏകോപിപ്പിക്കുന്നതിനും സർക്കാരിതര സംഘടനകളും മറ്റ് കാലാവസ്ഥാ പ്രവർത്തകരുമായും സഹകരിക്കുന്നതിനുമായി ഒരു നഗര കാലാവസ്ഥാ പ്രവർത്തന സെൽ (city climate action cell) സ്ഥാപിക്കുക.
- പരിസ്ഥിതി വിദ്യഭ്യാസം, പ്രകൃതിയുടെ അവകാശങ്ങൾ എന്നിവ സ്കൂൾ പാഠ്യപദ്ധതികളുടെയും പൊതുജനാവബോധ പരിപാടികളുടേയും ഭാഗമാക്കുക. അതുവഴി നമ്മുടെ പ്രകൃതിദത്ത പൈതൃകം ഭാവി തലമുറകൾക്ക് വേണ്ടി സംരക്ഷിക്കപ്പെടുന്നു എന്നതിനായുള്ള നിതാന്തമായ പൗരാവബോധവും പ്രതിജ്ഞാബദ്ധതയും സൃഷ്ടിച്ചെടുക്കുക.
- പരിസ്ഥിതി നിയമങ്ങൾ, പ്രാദേശിക ജ്ഞാനങ്ങൾ (നാട്ടറിവ്/ജനവിദ്യ), കാലാവസ്ഥാ നീതി, എന്നിവയ്ക്കുള്ള കേന്ദ്രം

- എന്ന നിലയിൽ ഒരു പരിസ്ഥിതി-നീതി ഗ്രന്ഥാലയം (eco-justice library) സ്ഥാപിക്കുക.
- കാലാവസ്ഥാ ആഘാതങ്ങൾ മനസ്സിലാക്കാനും അവയോട് പ്രതികരിക്കാനും എല്ലാ പ്രായത്തിലുമുള്ള പൗരന്മാരെ പ്രാപ്തരാക്കുന്നതിനായി ശില്പശാലകൾ, കഥപറച്ചിൽ, പ്രാപ്യമായ ശാസ്ത്ര ആശയവിനിമയം എന്നിവ ഉപയോഗിച്ച് തുടർച്ചയായ പൊതു കാലാവസ്ഥാ വിദ്യാഭ്യാസ പരിപാടി ആരംഭിക്കുക.
- ഡാറ്റ സുതാര്യത ഉറപ്പാക്കിക്കൊണ്ടും, യുവജന പ്രാതിനിധ്യം നിർബന്ധമാക്കിക്കൊണ്ടും, സമൂഹമൊന്നിച്ചുള്ള തീരുമാനമെടുക്കലിനായി എല്ലാവരേയും ഉൾക്കൊള്ളുന്ന വേദികൾ സൃഷ്ടിച്ചുകൊണ്ടും സുതാര്യവും പങ്കാളിത്തപരവുമായ പരിസ്ഥിതി ഭരണം വ്യവസ്ഥാപിതമാക്കുക.
- ഹരിത ബോണ്ടുകൾ, പൊതു-സ്വകാര്യ പങ്കാളിത്തം എന്നിവയിൽ സമഗ്രപഠനം നടത്തി തൃശൂരിനായി കാലാവസ്ഥാ സംരക്ഷണ സാമ്പത്തിക പദ്ധതി തയ്യാറാക്കുക. അതിനായി പുതുമയാർന്ന പണസ്രോതസ്സുകൾ, പ്രാദേശിക അനുരൂപീകരണം, ആവർത്തിച്ചുപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സുകൾ, പ്രകൃതി അടിസ്ഥാനമായ മറ്റു പോംവഴികൾ എന്നിവയ്ക്ക് പദ്ധതി സമർപ്പിതമാക്കുക.

## 04. സമ്പദ് വ്യവസ്ഥ

ഇന്ത്യയിലെ ഏറ്റവും ധനികരായ 1% ആൾക്കാരാണ് രാജ്യത്തെ 40% സമ്പത്ത് കൈവശം വച്ചിരിക്കുന്നത് എന്നത് അസമത്വത്തെ തുറന്നുകാട്ടുന്ന യാഥാർഥ്യമാണ്. ഉപഭോഗസംസ്കാരത്തിൽ മുഴുകിയ വികസനമെന്ന ആഖ്യാനമാണ് ഈ കടുത്ത അസമത്വത്തിന് ഇന്ധനമാകുന്നത്. അത് വ്യവസ്ഥാപിതമായി അരികുവത്കരിക്കപ്പെട്ടവരെ കൂടുതൽ പാർശ്വവൽക്കരിക്കുന്നതുമാണ്. മുതലാളിത്ത ഭീമന്മാർ നമ്മുടെ നഗര ഭൂപടത്തിനു പുതുരൂപങ്ങൾ നൽകിക്കൊണ്ടിരിക്കെ, അവർ പ്രാദേശിക സംസ്കാരത്തെ ഒരു ഉപഭോക്തൃ ഉത്പന്നമാക്കി മാറ്റുന്നു. പ്രാദേശിക ഭാഷ, ഭക്ഷണം, കരകൗശലം എന്നിവയുടെ വൈവിധ്യമാർന്ന തിരശീലയെ വിപണിയാൽ നിയന്ത്രിക്കപ്പെടുന്ന, ഏകജാതീയവും ഏകരൂപമുള്ളതുമായ ഒന്നിനാൽ പകരം വയ്ക്കുന്നു.

തൃശൂരിലെ സമ്പദ് വ്യവസ്ഥയ്ക്ക് മൗലികവും സമൂലവുമായി പുതുസ്വഭാവം നൽകണം എന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. യഥാർത്ഥ അഭിവൃദ്ധി അളക്കുന്നതിന് ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്ടിനപ്പുറത്തേക്ക് (ജി.ഡി.പി.) സാമ്പത്തിക ക്ഷേമത്തിന്റെ പുതിയ അടയാളങ്ങൾ വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ്. പ്രാദേശികവത്കരണത്തിനു നമ്മൾ മുൻഗണന നൽകേണ്ടതുണ്ട്. തൃശൂരിലെ തനതായ ഉത്പാദകരും സമൂഹവും അഭിവൃദ്ധിപ്പെടുകയും അവരെ പരിപോഷിപ്പിക്കുകയും ചെയ്യുന്ന ഒരു സാമ്പത്തിക സഞ്ചാരപഥത്തിനു മുൻഗണന നൽകേണ്ടതുണ്ട്. പ്രാദേശികമായ ഉൽപ്പാദനം, സംസ്കരണം, ഉപഭോഗം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് ശക്തമായ പരിഷ്കാരങ്ങൾ ആവശ്യമാണ്.

ബോധപൂർവ്വമുള്ള ഉപയോഗം എന്ന സംസ്കാരത്തെ നമ്മൾ മുഖ്യധാരയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. അതിൽ പൗരർക്ക് അവരെന്തു വാങ്ങുന്നു, എങ്ങനെയാണതു നിർമ്മിച്ചിരിക്കുന്നത്, അതിന്റെ യഥാർത്ഥ വിലയെന്ത് എന്നെല്ലാം അറിയാനാകണം. യുക്തിക്കു ചേരാത്ത വിധം 10 മിനിട്ടിൽ സാധനങ്ങളെത്തിക്കുന്നതരം സൗകര്യങ്ങൾ ആകർഷകമാകാത്തതും കുത്തക ബ്രാൻഡുകളുടെ ആധിപത്യമില്ലാത്തതുമായ ഒരു തൃശൂരിനെ ഞങ്ങൾ വിഭാവനം ചെയ്യുന്നു.

സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഞങ്ങളുടെ വീക്ഷണത്തിൽ, വികസനത്തിൽ എല്ലാവരും ഭാഗമാകേണ്ടതുണ്ട്. ഇതിന് ധന പുനർവിതരണത്തിനായി ശക്തമായ ചുവടുകൾ ആവശ്യമായി വരുന്നു. ഫലവത്തായ രീതിയിൽ നികുതി പിരിക്കുക, സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപ്പിൽ വരുത്തുക എന്നിവയെല്ലാം ഇതു നേടിയെടുക്കാനുള്ള മാർഗ്ഗങ്ങളാണ്. ബൃഹത് പ്രതിസന്ധിയ്ക്ക് ( metacrisis) പോംവഴിയാകും വിധം സമ്പത്ത് പങ്കിടുന്ന ഒരു പൗരസംസ്കാരം നമ്മൾ പരിപോഷിപ്പിക്കേണ്ടിയിരിക്കുന്നു. അല്ലാതെ സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കുന്നത് അന്തസ്സിന്റെ സൂചകമാകുന്ന ഒരു സംസ്കാരമല്ല. നമ്മുടെ പ്രകൃതിവിഭവങ്ങളും പൊതുവസ്തുക്കളും കൂട്ടായ ആസ്തി എന്ന നിലയിൽ കൈകാര്യം ചെയ്യപ്പെടണം. വരും തലമുറയുടെ സംരക്ഷണത്തിനായി നമ്മുടെ പൗരരുടെ മൂല്യങ്ങൾ അണിനിരത്തേണ്ടതുണ്ട്.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- തൃശൂരിന്റെ വികസനത്തിനായുള്ള അടിസ്ഥാന തത്ത്വമായി പ്രാദേശികവത്കരണത്തെ ഔപചാരികമായി സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. അതിനായി ബഹുരാഷ്ട്ര കോർപറേഷനുകളെ ആശ്രയിക്കുന്നതിൽ

- കുറവു വരുത്തി തദ്ദേശീയമായ സമ്പദ് വ്യവസ്ഥയെ സക്രിയമായി പിന്തുണയ്ക്കുക. സമൂഹ ഭക്ഷ്യതോട്ടങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, ഇതര വിദ്യഭ്യാസയിടങ്ങൾ, ചെറിയ വ്യാപാര സഖ്യങ്ങൾ, തദ്ദേശീയ ബന്ധങ്ങളുടെ പുനഃസ്ഥാപനം എന്നിവ ഇതിന്റെ ഭാഗമായിരിക്കും.
- വീട്, സമത്വം, ആരോഗ്യം മുതലായ, എല്ലാ പൗരരുടേയും സാമൂഹ്യാടിത്തറകൾ, പ്രാപഞ്ചികാതിരുകളെ മറികടക്കാതെ നേടിയെടുക്കും വിധം നഗരത്തിലെ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്ന ഡോനട്ട് സമ്പദ്‌വ്യവസ്ഥ (Doughnut Economics) സന്ദർഭോചിതമായി സ്വീകരിക്കുക.
- പ്രാദേശിക കരകൗശല വിദഗ്ധരെ പിന്തുണയ്ക്കുകയും ബോധപൂർവമായ ഉപഭോഗ സംസ്കാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന സമൂഹ കേന്ദ്രീകൃത മാതൃകകളിലൂടെ പ്രാദേശിക വിപണികളെ പുനരുജ്ജീവിപ്പിക്കുക.
- "പ്രാദേശികമായി ഉത്പാദിപ്പിക്കുക, പ്രാദേശികമായവ വാങ്ങുക" എന്ന നയം നടപ്പിലാക്കുക. അതിനായി പ്രാദേശികമായ സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന ഭക്ഷണം, കരകൗശലങ്ങൾ, തുണിത്തരങ്ങൾ എന്നിവയുടെ വില്പനയ്ക്കനുയോജ്യമായ സമർപ്പിത ഇടങ്ങൾ സൃഷ്ടിക്കുകയും അവയെ സക്രിയമായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. അത് അതിജീവനശേഷിയുള്ള പ്രാദേശിക സമ്പദ് വ്യവസ്ഥ ഉറപ്പു വരുത്തും.
- സുസ്ഥിര പദ്ധതികൾ, ഹരിത സംരഭകത്വം, കാലാവസ്ഥയ്ക്കനുയോജ്യമായ സംരംഭകത്വം എന്നിവയെ പിന്തുണയ്ക്കുന്നതിനായി തൃശൂരിന്റെ സാമ്പത്തിക പൈതൃകത്തെ ഉപയോഗപ്പെടുത്തി, നഗരത്തിലെ ബാങ്കുകളുടെയും സാമ്പത്തിക സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ, ഒരു സമർപ്പിത മൂലധനം സൃഷ്ടിക്കുക.
- നികുതി പിരിവു വ്യവസ്ഥകൾ ആധുനിവത്കരിച്ചും, സുസംഘടിതമാക്കിയും നഗരസഭയുടെ സാമ്പത്തികാവസ്ഥയ്ക്ക് കരുത്തു പകരുക. അതുവഴി അവശ്യ പൊതുജന സേവനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കും ആവശ്യമായ പണം ലഭ്യമാകുന്നു എന്നുറപ്പു വരുത്തുക.
- പ്രാദേശിക സംരഭകത്വം, ദൂരങ്ങളിലിരുന്ന് ജോലിചെയ്യാനാകുന്ന (remote work) സൗകര്യം എന്നിവയെ പ്രോത്സാഹിപ്പിക്കുക. അതിനായി എളുപ്പത്തിലെത്തിച്ചേരാവുന്ന, വേണ്ട സൗകര്യങ്ങളുമുള്ള ജോലി ചെയ്യാവുന്നയിടങ്ങൾ (co-working spaces) നഗരത്തിൽ സ്ഥാപിക്കുക.
- അരികുവത്കരിക്കപ്പെട്ട വിഭാഗങ്ങളിൽ നിന്നും പ്രാതിനിധ്യം കുറവുള്ള ലിംഗങ്ങളിൽ നിന്നുമുള്ള സംരഭകർക്കായി സമർപ്പിതമായ ഒരു നിധി സ്ഥാപിക്കുക. ഇതിനു മുന്നോടിയായി അവർ നേരിടുന്ന പ്രത്യേകാൽ വെല്ലുവിളികളെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്തുകയും അവരവർക്ക് അനുയോജ്യമായ ഒരു ശേഷി വികാസ പദ്ധതി രൂപകല്പന ചെയ്യുക.
- നഗര പ്രതിരോധശേഷിയിലും കാലാവസ്ഥാ പൊരുത്തപ്പെടുത്തലിലും ശ്രദ്ധ കേന്ദ്രീകരിച്ചുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭങ്ങൾക്ക് ശക്തി പകരുന്നതിനായി ആഗോള എൻ.ജി.ഒ.കളുമായി ഫണ്ടുകളും ഗ്രാന്റുകളും പങ്കാളിത്തങ്ങളും സജീവമായി ആകർഷിച്ചുകൊണ്ട് അന്താരാഷ്ട്ര ധനസഹായം പ്രയോജനപ്പെടുത്തുക.
- കേരള സംസ്ഥാനത്തിന്റെയും മറ്റ് ഇന്ത്യൻ നഗരങ്ങളുടെയും സംസ്ഥാനങ്ങളുടെയും മാതൃക പിന്തുടർന്ന് ഗ്രീൻ ബജറ്റിംഗ്, പിങ്ക് ബജറ്റിംഗ് രീതികൾ സ്വീകരിക്കുകയും വികസിപ്പിക്കുകയും ചെയ്യുക. കാലാവസ്ഥാ സുസ്ഥിരതയിലും ലിംഗസമത്വത്തിലും മുനിസിപ്പൽ ബജറ്റിന്റെ സ്വാധീനം വ്യവസ്ഥാപിതമായി വിലയിരുത്തുകയും ചെയ്യുക, ഈ വിഹിതം വർഷം തോറും വർദ്ധിപ്പിക്കുക എന്ന പ്രതിബദ്ധതയോടെ.

## 05. ജീവനോപാധികളും തൊഴിലും

ജീവനോപാധികളും തൊഴിലും എന്നത് ജനങ്ങൾ അവരുടെ ഭൗതിക ആവശ്യങ്ങൾ, അന്തസ്സ്, സാമൂഹിക അവകാശങ്ങൾ എന്നിവ സ്വായത്തമാക്കുന്നതിനുള്ള വിവിധ മാർഗങ്ങളെ ഉൾക്കൊള്ളുന്നതാണ്. ഇതിനർത്ഥം വരുമാനം എന്നതിനപ്പുറത്തേക്ക്, തൊഴിൽ സാഹചര്യങ്ങൾ, വിഭവങ്ങളുടെ ലഭ്യത, സർഗ്ഗാത്മകത, പങ്കാളിത്തം, വ്യക്തിപരമായ വളർച്ച എന്നിവയൊക്കെ ഇതിന്റെ ഭാഗമാണ്.

കേരളത്തിന്റെ ഇതരഭാഗങ്ങളിലെപ്പോലെ തൃശൂരിലും ജീവിതോപാധികൾ വലിയ വെല്ലുവിളികളെ നേരിടുന്നുണ്ട്. തൊഴിലില്ലായ്മ യുവാക്കളിൽ സാധാരണമായിരിക്കുന്നു. വിദ്യഭ്യാസ സ്ഥാപനങ്ങളിൽ നിന്നു കൈക്കൊള്ളുന്ന പാടവങ്ങളും സമ്പദ് വ്യവസ്ഥയ്ക്കാവശ്യമുള്ള പാടവങ്ങളും തമ്മിൽ പൊരുത്തക്കേട് നിലനിൽക്കുന്നു. പലപ്പോഴും ജോലി സുരക്ഷിതത്വം, ജോലിയിൽ വളർച്ച എന്നിവയില്ലാതാക്കുന്ന രീതികളിൽ അനൗപചാരിക, സ്വകാര്യ മേഖലകൾ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. അതേസമയം, നഗരവൽക്കരണം, യന്ത്രവൽക്കരണം, കാലാവസ്ഥാ വ്യതിയാനം എന്നിവ കാരണം പരമ്പരാഗത തൊഴിലുകളും കരകൗശല ഉപജീവനമാർഗ്ഗങ്ങളും നിലനിൽക്കാൻ പാടുപെടുന്നു. ഹരിതവും

പുനരുജ്ജീവനശേഷിയുമുള്ള സംരംഭങ്ങൾക്ക് ഘടനാപരമായ പിന്തുണയുടെ നിർണായക അഭാവം സാമ്പത്തിക ക്ഷേമത്തെ പാരിസ്ഥിതിക പുനഃസ്ഥാപനവുമായി യോജിപ്പിക്കുന്നതിൽ നിന്ന് നമ്മെ തടയുന്നു.

ജീവനോപാധികൾ സ്വാഭാവിക ആവാസവ്യവസ്ഥയെ നശിപ്പിക്കുകയല്ല, മറിച്ച് നിലനിർത്തുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യണമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അവ തൊഴിലാളികൾക്ക് ന്യായമായ മൂല്യവും അധ്വാനത്തിന്മേലുള്ള നിയന്ത്രണവും നൽകി, അന്തസ്സും സ്വയംഭരണവും ഉറപ്പാക്കണം. തുല്യതയും നീതിയും വിലപേശാനാവാത്തവയാണ്, അതിനായി അധികാരം, ലാഭം, വിഭവങ്ങൾ എന്നിവ ന്യായമായ വിധത്തിൽ എല്ലാ സാമൂഹിക സംഘങ്ങൾക്കുമിടയിൽ പങ്കുവയ്ക്കപ്പെടണം. സാംസ്കാരികവും തദ്ദേശീയവുമായ ശീലങ്ങൾ സംരക്ഷിക്കപ്പെടുകയും അവയ്ക്ക് നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽ ഇടം നൽകുകയും വേണം. തുടർച്ചയായ പാരിസ്ഥിതികവും സാമ്പത്തികവുമായ വെല്ലുവിളികളെ നേരിടുന്നതിനും സമഗ്രമായ വ്യക്തിഗത വളർച്ച സാധ്യമാക്കുന്നതിനും ജീവനോപാധികൾ അതിജീവനശേഷിയും വിജ്ഞാനവും വളർത്തിയെടുക്കണം.

ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ, സമൂഹങ്ങൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ, ഡാറ്റ, വിജ്ഞാന സംവിധാനങ്ങൾ എന്നിവയിൽ നിയന്ത്രണം ഉണ്ടായിരിക്കണം, ആശ്രിതത്വത്തിനല്ല, ശാക്തീകരണത്തിനാണ് സാങ്കേതികവിദ്യ ഉപയോഗിക്കേണ്ടത്.

ഒരു ചൂഷണ സംസ്കാരത്തിൽ നിന്ന് പുനരുജ്ജീവന സംസ്കാരത്തിലേക്ക് മാറുന്ന, പുനഃസ്ഥാപനപരമായ പ്രാദേശിക സമ്പദ് വ്യവസ്ഥയെന്ന ആശയത്തെ കെട്ടിപ്പടുക്കുന്നതിന് ആവശ്യമായ കഴിവുകൾ, സാമ്പത്തിക പിന്തുണ, പങ്കാളിത്ത ആസൂത്രണം എന്നിവയിലൂടെ സമൂഹങ്ങളെ പിന്തുണയ്ക്കുന്ന ഒരു തൃശൂർ ഞങ്ങൾ വിഭാവനം ചെയ്യുന്നു.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- സന്നദ്ധസേവനം, ആവാസവ്യവസ്ഥാ പുനഃസ്ഥാപനം തുടങ്ങിയ വേതനം പറ്റാതെയുള്ള പരിചരണ പ്രവർത്തനങ്ങളെയും സമൂഹ സംഭാവനകളെയും നമ്മുടെ സമൂഹത്തിന്റെ അനിവാര്യവും മാന്യവുമായ ഘടകങ്ങളായി തിരിച്ചറിഞ്ഞ് വേണ്ട ഗൗരവം നൽകുക.
- അനൗപചാരിക തൊഴിലാളികൾക്ക് നിയമപരമായ അംഗീകാരവും സാമൂഹിക സംരക്ഷണവും വിപുലീകരിക്കുക. ഇതിൽ തെരുവു വാണിഭക്കാർ, മാലിന്യം ശേഖരിക്കുന്നവർ എന്നിവരുൾപ്പെടുന്നു. അവർക്ക് നീതിയുക്തതയുള്ള നയങ്ങൾ, സാമൂഹ്യ സുരക്ഷ, പൊതു അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാകുന്നു എന്നുറപ്പു വരുത്തുക.
- തൊഴിലാളികളുടെ അവകാശങ്ങളെക്കുറിച്ചും വൈവിധ്യമാർന്ന പ്രാദേശിക അവസരങ്ങളെക്കുറിച്ചുമുള്ള അവബോധം ശക്തിപ്പെടുത്തുന്നതിനായി പൊതു ജീവനോപാധി വിവരകൈമാറ്റ കേന്ദ്രങ്ങളും സമാന തൊഴിലിലുള്ളവരുടെ ശൃംഖലകളും സ്ഥാപിക്കുക.
- വിദ്യഭ്യാസം, നൈപുണ്യ വികസന പദ്ധതികൾ എന്നിവയും ജീവനോപാധികളും തമ്മിലുള്ള വിടവ് നികത്തുന്നതിനായി പാഠ്യപദ്ധതികളെ പ്രാദേശിക സാമ്പത്തികാവശ്യങ്ങളും പാരിസ്ഥിതി മുൻഗണനകളുമായി ഒത്തിണക്കും വിധം പുനർസംഘടിപ്പിക്കുക. അതിനായി അനുഭവസിദ്ധമായ പാഠ്യപദ്ധതികളും തൊഴിൽ പരിശീലനങ്ങളും ഏർപ്പെടുത്തുക.
- നെയ്ത്ത്, മൺപാത്ര നിർമ്മാണം, ലോഹപ്പണി, ജൈവകൃഷി തുടങ്ങിയ പരമ്പരാഗത തൊഴിലുകൾക്ക് പുതുജീവൻ നൽകുന്നതിനായി ഒരു "തൃശൂർ പൈതൃക ഉപജീവനമാർഗ്ഗ" (Thrissur Heritage Livelihoods) സംരംഭം ആരംഭിക്കുക. വിപണി പ്രവേശനം ഉറപ്പാക്കൽ, ഡിസൈൻ നവീകരണം, തലമുറകൾ തമ്മിലുള്ള അറിവ് കൈമാറ്റം എന്നിവയിലൂടെ ഇവയെ പുനരുജ്ജീവിപ്പിക്കുക.
- ആരോഗ്യക്ഷേമം, പെൻഷൻ തുടങ്ങി എല്ലാ തൊഴിലുകൾക്കും സാമൂഹ്യ-സാമ്പത്തിക പരിസ്ഥിതി ആഘാതങ്ങളിൽ നിന്ന് സംരക്ഷണം ഉറപ്പു വരുത്തുന്ന സാമൂഹ്യ സുരക്ഷാ ഉപാധികൾ സാർവ്വലൗകികമാക്കുക.
- സമർപ്പിതമായ ഒരു “ഹരിത നൈപുണ്യ നിധി” (Green Skills Fund) സൃഷ്ടിക്കുക. അതുപയോഗിച്ച് പുനരുപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സുകൾ, പരിസ്ഥിതി പുനർസ്ഥാപനം, ചാക്രിക സമ്പദ് വ്യവസ്ഥാ (circular economy) ശീലങ്ങൾ എന്നിങ്ങനെയുള്ള ഭാവിക്ക് അനുയോജ്യമായ മേഖലകളിൽ യുവാക്കൾക്ക് പരിശീലനം നൽകുക.
- ജൈവകൃഷി, ഉത്തരവാദിത്വബോധമുള്ള മാധ്യമപ്രവർത്തനം, പരിസ്ഥിതി പരിരക്ഷണം, മാലിന്യസംസ്കരണം, ബദൽ വിദ്യഭ്യാസ രീതികൾ മുതലായ സാമൂഹിക-പരിസ്ഥിതി ക്ഷേമത്തിനു മുൻഗണന നൽകുന്ന വിഭാഗങ്ങളിലെ പുനരുത്പാദന സാധ്യതകളുള്ള ജീവനോപാധികളെ പ്രോത്സാഹിപ്പിക്കുയും ചെയ്യുക.

## 06. ആരോഗ്യവും ക്ഷേമവും

യഥാർത്ഥ ക്ഷേമമാണ് അഭിവൃദ്ധി പ്രാപിക്കുന്ന ഒരു നഗരത്തിന്റെ അടിത്തറ. എന്നിരുന്നാലും, വർദ്ധിച്ചുവരുന്നതും സങ്കീർണ്ണവുമായ ഒരു ആരോഗ്യ പ്രതിസന്ധിയെയാണ് നാം അഭിമുഖീകരിക്കുന്നത്.

നമുക്കിടയിലുള്ള ഏറ്റവും ദുർബലരായവർ ആരോഗ്യ സംരക്ഷണത്തിന്റെ അപര്യാപ്തത അനുഭവിക്കുന്നു, ഈ അവശ്യസേവനത്തിലെ വർദ്ധിച്ചുവരുന്ന സ്വകാര്യവത്കരണം ഇതിനെ കൂടുതൽ ഗുരുതരമാക്കുന്നു. പോഷകാഹാരക്കുറവ്, മലിനമായ വെള്ളം, രാസമാലിന്യങ്ങളുമായുള്ള സമ്പർക്കം, സംഘർഷഭരിതമായ സാമൂഹിക ചുറ്റുപാടുകളുടെ സമ്മർദ്ദങ്ങൾ എന്നിവ സാഹചര്യങ്ങൾ കൂടുതൽ വഷളാക്കുന്നു.

പ്രകൃതിയിൽ നിന്നുള്ള നല്ല ഭക്ഷണത്തിന്റെയും പോഷക വിഭവങ്ങളുടെയും ലഭ്യതയിൽ ദ്രുതഗതിയിലുള്ള ഇടിവ് നാം കാണുന്നു, അതേസമയം പോഷകാംശങ്ങൾ കുറഞ്ഞ ആഹാരങ്ങളെ (ജങ്ക് ഫുഡ്) ഉത്തരവാദിത്വബോധമില്ലാതെ പ്രോത്സാഹിപ്പിച്ചുകൊണ്ടുമിരിക്കുന്നു. ഇതുമൂലം `ദാരിദ്ര്യത്താലുള്ള രോഗങ്ങൾ` `സമ്പന്നതയാലുള്ള രോഗങ്ങളു`മായി അപകടകരമായ വിധം സംഗമിക്കുന്നു. ഇതെല്ലാം അപായമുണർത്തും വിധം മാനസികാരോഗ്യ വെല്ലുവിളികളും ഉയർത്തുന്നതാണ്.

ഈ വെല്ലുവിളികൾക്കിടയിലും പ്രതീക്ഷ നിലനിൽക്കുന്നു. പ്രതിരോധം, ഐക്യദാർഢ്യം, പരിചരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള വ്യത്യസ്തമായ പൊതുജനാരോഗ്യ മാതൃക സാധ്യമാണെന്ന് സർക്കാർ ഏജൻസികൾ, സർക്കാരിതര സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവരുടെ നേതൃത്വത്തിലുള്ള പ്രചോദനാത്മകമായ ഉദാഹരണങ്ങൾ തെളിയിക്കുന്നു.

തൃശൂരിലെ ആരോഗ്യരംഗം മൗലികമായും സമൂലമായും പുനർവിചിന്തനം നടത്തപ്പെടണം എന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ഇത് മനുഷ്യരുടെ ക്ഷേമം എന്നത് നമ്മുടെ മണ്ണിന്റെ, വെള്ളത്തിന്റെ, സസ്യങ്ങളുടെ, ജീവജാലങ്ങളുടെ, ആവാസവ്യവസ്ഥയുടെയെല്ലാം ക്ഷേമവുമായി കെട്ടുപിണഞ്ഞു കിടക്കുന്നു എന്ന അടിസ്ഥാന സത്യത്തിലൂന്നിയാണ്.

ജീവിതം അഭിവൃദ്ധിപ്പെടുന്നതിനുള്ള സാഹചര്യങ്ങൾ സജീവമായി വളർത്തിയെടുക്കുന്നതിനും, ആരോഗ്യത്തിനുള്ള അവകാശം ഓരോ നിവാസിക്കും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനത്തിനുള്ള ഞങ്ങളുടെ ആഹ്വാനത്തെ ഈ വിഭാഗം വിശദീകരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ, ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- പോഷകസമൃദ്ധമായ ഭക്ഷണം, ശുദ്ധജലം, ശുചിത്വം, സുരക്ഷിതവും മലിനീകരിക്കപ്പെടാത്തതുമായ അന്തരീക്ഷം എന്നിവ എല്ലാവർക്കും ലഭ്യമാകുമെന്ന് ഉറപ്പുവരുത്തിക്കൊണ്ട് ആരോഗ്യത്തിന്റെ പ്രധാന സാമൂഹിക നിർണ്ണായക ഘടകങ്ങളിൽ (social determinants of health) നിക്ഷേപിക്കുക.
- മനുഷ്യരുടെ ആരോഗ്യവും നമ്മുടെ ആവാസവ്യവസ്ഥയുടെ ആരോഗ്യവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ച് പൗരരെ ബോധവൽക്കരിക്കുന്നതിനായി നഗരം മുഴുവൻ “വൺ ഹെൽത്ത്” (One Health) എന്ന പൊതു അവബോധ പരിപാടിയ്ക്ക് പ്രാരംഭം കുറിക്കുക.
- നമ്മുടെ വായു, ജലം, മണ്ണ് എന്നിവ മലിനമാക്കുന്നതിനെതിരെ കർശനമായ നിയന്ത്രണങ്ങൾ നടപ്പിലാക്കുക, അതുവഴി രോഗങ്ങളുടെ പാരിസ്ഥിതിക കാരണങ്ങളെ നേരിട്ട് അഭിസംബോധന ചെയ്യുക.
- ജങ്ക് ഫുഡുകളുടെയും അമിത പഞ്ചസാര കലർന്ന പാനീയങ്ങളുടെയും പരസ്യങ്ങളും വിൽപ്പനയും നിയന്ത്രിക്കുക, പ്രത്യേകിച്ച് സ്കൂളുകളിലും പരിസരങ്ങളിലും, കുട്ടികൾ പതിവായി സന്ദർശിക്കുന്ന പൊതു ഇടങ്ങളിലും.
- എല്ലാ പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെയും പ്രാഥമികാരോഗ്യ സേവനങ്ങളുമായി മാനസികാരോഗ്യ സേവനങ്ങളെ സംയോജിപ്പിക്കുകയും ഏവർക്കും പ്രാപ്യവും, താങ്ങാനാകുന്ന ചിലവു മാത്രം വരുന്നതുമായ കമ്മ്യൂണിറ്റി മാനസികാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.
- എല്ലാ വാർഡുകളിലും തണലുള്ള നടപ്പാതകൾ, പ്രത്യേക സൈക്കിൾ പാതകൾ, ഔട്ട്ഡോർ ജിമ്മുകൾ എന്നിവ ഉൾപ്പെടുന്ന പൊതു ഇടങ്ങൾ സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുക, പ്രായ, ലിംഗ, വർഗ്ഗ വ്യത്യാസമില്ലാതെ അവ ഉപയോഗിക്കുന്നതിനെ സജീവമായി പ്രോത്സാഹിപ്പിക്കുക.
- സമൂഹത്തിൽ മാനസികവും വൈകാരികവുമായ ആരോഗ്യം കെട്ടിപ്പടുക്കുന്നതിന് പൗരർക്ക് സ്വയം താനുമായും സമൂഹവുമായും പ്രകൃതിയുമായും ബന്ധം കെട്ടിപ്പടുക്കുന്നതിന് സാഹചര്യങ്ങളും സൗകര്യങ്ങളും സൃഷ്ടിക്കുക.
- കുട്ടികളിലും യുവാക്കളിലും വർദ്ധിച്ചുവരുന്ന മാനസിക സമ്മർദ്ദം, ഉത്കണ്ഠ, ശ്രദ്ധ

- കേന്ദ്രീകരിക്കുന്നതിനുള്ള വൈഷമ്യങ്ങൾ എന്നിവയ്ക്ക് കാരണമാകുന്ന നേച്ചർ ഡെഫിസിറ്റ് ഡിസോർഡർ (Nature Deficit Disorder - പ്രകൃതിയിൽ നിന്നകന്നു നിൽക്കുന്നതിനാലുണ്ടാകുന്ന മാനസിക ശാരീരിക ദോഷഫലങ്ങൾ) എന്നതിനെ നേരിടാൻ സ്കൂളുകളിലും പൊതു പാർക്കുകളിലും കൂടുതൽ പ്രകൃതിയോടിണങ്ങിയ കളിയിടങ്ങളും പഠനയിടങ്ങളും സ്ഥാപിക്കുക.
- സാമൂഹിക ഒറ്റപ്പെടൽ കുറയ്ക്കുന്നതിനും മാനസികവും വൈകാരികവുമായ പ്രതിരോധശേഷി ശക്തിപ്പെടുത്തുന്നതിനും പൊതു ഇടങ്ങളിൽ പതിവായി സമൂഹ നിർമ്മാണ പ്രവർത്തനങ്ങൾക്കും കാര്യപരിപാടികൾക്കും സൗകര്യമൊരുക്കുക.
- ഒഴിഞ്ഞയിടങ്ങളിൽ സമൂഹ ഉദ്യാനങ്ങൾ, നഗര കൃഷിയിടങ്ങൾ എന്നിവ സൃഷ്ടിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക. അതുവഴി ഒരേസമയം നല്ല ഭക്ഷണം, ഹരിതാഭ, സാമൂഹിക ബന്ധങ്ങൾ, കായിക ക്ഷമത മെച്ചപ്പെടുത്തൽ എന്നിവ ഉറപ്പുവരുത്തുന്നു.

**07. ഭക്ഷണം**

ഭക്ഷണം എന്നത് കേവലം ജീവൻ നിലനിർത്തുന്ന ഒന്നല്ല, ഭൂമിയുമായും ആരോഗ്യവുമായും സമൂഹവുമായുമുള്ള നമ്മുടെ ബന്ധത്തെ അടിസ്ഥാനപെടുത്തുന്ന ഒന്നാണത്. എന്നിരുന്നാലും ഇന്ന് നമ്മുടെ നഗരത്തിൽ ഈ ബന്ധം പലപ്പോഴും ഭംഗപ്പെടുന്നു. സുരക്ഷിതമല്ലാത്ത ആഹാരത്തിനോടൊപ്പം പരിസ്ഥിതിയ്ക്ക് അപകടകാരിയായ ഉത്പാദന മാർഗ്ഗങ്ങൾ എന്ന ഇരട്ട പ്രതിസന്ധിയെ നമ്മൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ഇത് ആരോഗ്യപ്രശ്നങ്ങൾ വർദ്ധിക്കുന്നതിലേക്കും നമ്മുടെ പോഷക സ്രോതസ്സുകളിൽ നിന്നും നാം അകലുന്നതിലേക്കും നയിക്കുന്നു. നമ്മളിൽ മിക്കവരും നിഷ്ക്രിയരായ ഉപഭോക്താക്കളാണ്, നമ്മുടെ ഭക്ഷണം എവിടെ നിന്ന് വരുന്നു എന്നോ അത് നമ്മുടെ പക്കൽ എത്തുന്നത് വരേക്കുമുള്ള യാത്രയിലെ അതിന്റെ യഥാർത്ഥ വില എന്താണെന്നോ നമുക്കറിയില്ല.

ഭക്ഷ്യോൽപ്പാദനം ഒരു വിദൂര വ്യവസായമല്ല, മറിച്ച് നമ്മുടെ വീടുകൾക്കും അയൽപക്കങ്ങൾക്കും ആവാസവ്യവസ്ഥയ്ക്കും ഉന്മേഷം നൽകുന്ന ഒരു വ്യാപക പ്രവർത്തനം എന്ന നിലയിലൊരു ഭാവിയാണ് ഞങ്ങൾ തൃശൂരിൽ വിഭാവനം ചെയ്യുന്നത്. ഭക്ഷണം വളർത്തുന്നത് ഒരു പൊതുശീലമായി മാറി, അത് വ്യക്തികളെയും സമൂഹത്തെയും അതിജീവനശേഷിയുള്ളവരും സ്വയംപ്രാപ്തതയുള്ളവരും ആക്കുന്ന ഒന്ന്.

ഈ വീക്ഷണം ഒരു സമൂല പരിവർത്തനം ആവശ്യപ്പെടുന്നതാണ്. പച്ചക്കറികൾ വീടുകളിലും വിദ്യഭ്യാസ സ്ഥാപനങ്ങളിലും നട്ടുവളർത്തുന്നതിനെ നമ്മൾ പിന്തുണയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. നമുക്കാവശ്യമായ ആഹാര വസ്തുക്കൾ വളർത്തിയെടുക്കുന്നതിനു സഞ്ചിതമായ ഒരു ത്രാണി നിർമ്മിച്ചെടുക്കുക വഴി പ്രതിസന്ധി ഘട്ടങ്ങളെ നേരിടാൻ നമ്മൾ കൂടുതൽ കരുത്താർജ്ജിക്കുന്നു. ഏറ്റവും അടിസ്ഥാനപരമായ ഈ ആവശ്യം പരിഹരിക്കുക എന്നത്, മനുഷ്യരെയും ഭൂമിയെയും പോഷിപ്പിക്കുന്ന, സുസ്ഥിരവും ചൂഷണം ചെയ്യാത്തതുമായ ഒരു സമ്പദ്‌വ്യവസ്ഥ ആരായുന്നതിനുള്ള ആദ്യപടിയാണ്.

നമ്മുടെ ഭക്ഷണത്തിന്റെ ഓരോ അംശവും ആരോഗ്യത്തിന്റെ ഉറവിടവും പാരിസ്ഥിതിക ദൃഢത ഊട്ടിയുറപ്പിക്കുന്നതും ആകുന്നതിനോടൊപ്പം ഓരോ പൗരനും നമ്മുടെ പ്രാദേശിക ഭക്ഷ്യവ്യവസ്ഥയിൽ ശാക്തീകരിക്കപ്പെട്ട പങ്കാളിയുമാകുന്ന ഒരു തൃശൂരിനായുള്ള പ്രതിബദ്ധതയാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:
- സമൂഹമെന്ന നിലയിൽ അതിജീവനശേഷി വർദ്ധിപ്പിക്കുന്നതിനും ഭക്ഷണത്തിന്റെ കാർബൺ ഫുട്ട്പ്രിന്റ് കുറയ്ക്കുന്നതിനും കമ്മ്യൂണിറ്റി ഗാർഡനുകൾ, പുരമുകളിലെ കൃഷി, പ്രാദേശിക ഭക്ഷ്യ ശൃംഖലകൾ എന്നിവയെ പിന്തുണയ്ക്കുക.
- പച്ചക്കറി, പഴവർഗ്ഗങ്ങൾ, ധാന്യങ്ങൾ എന്നിവ വീടുകളിലും, അയൽപ്പക്കങ്ങളിലും, സ്കൂൾ, കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലും വളർത്തുക എന്ന സംസ്കാരം പരിപോഷിപ്പിച്ചെടുത്ത് പ്രാദേശിക ഭക്ഷണ ഉത്പാദനത്തെ പ്രോത്സാഹിപ്പിക്കുക.
- അയൽപ്പക്കങ്ങൾ കേന്ദ്രീകരിച്ചുള്ള ഭക്ഷണയിടങ്ങൾ വികസിപ്പിക്കുക. അതിനായി റസിഡന്റ്സ് വെൽഫെയർ അസോസിയേഷനുകളുടെ പങ്കാളിത്തത്തിൽ സമൂഹ കൃഷിയിടങ്ങൾ, സമൂഹ ഭക്ഷണ തോട്ടങ്ങൾ, പഴവർഗ്ഗമരങ്ങളുടെ ചെറുകാടുകൾ എന്നിവ സൃഷ്ടിക്കുക.
- പൊതു വിത്തു കേന്ദ്രങ്ങൾ വഴി പ്രാദേശികമായ പച്ചക്കറി-നെൽ വിത്തിനങ്ങൾ തിരിച്ചറിയുന്നതിനും സംരക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്കരിക്കുക.
- പരിസ്ഥിതി സൗഹൃദ കൃഷി ശീലങ്ങൾ എല്ലാ കൃഷിയിടങ്ങളിലേക്കും വ്യാപിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്തുകൊണ്ട് അത്തരം ശീലങ്ങളിലേക്കുള്ള

- മാറ്റത്തിനു ഉത്തേജനവും പ്രോത്സാഹനവും നൽകുക. ഇതിൽ തന്നെ കോൾ വയലുകളുടെ സംരക്ഷണത്തിനും പ്രത്യേകാൽ ശ്രദ്ധ നൽകുക.
- സമൂഹാടിസ്ഥാനത്തിലുള്ള കോഴിക്കൃഷി, മറ്റു വളർത്തു മൃഗങ്ങളുടെ പരിപാലനം എന്നിവ സ്വയം സഹായ സംഘങ്ങൾ വഴി പ്രോത്സാഹിപ്പിക്കുകയും അതുവഴി ചെറുകിടയും സുസ്ഥിരവുമായ വളർത്തുമൃഗപരിപാലനത്തെ പിന്തുണയ്ക്കുകയും ചെയ്യുക.
- സാധാരണ കർഷക വിപണികളിലൂടെയും മറ്റ് ന്യായമായ വ്യാപാര സംവിധാനങ്ങളിലൂടെയും ഉൽപ്പാദകരിൽ നിന്ന് ഉപഭോക്താവിലേക്ക് ഭക്ഷ്യവസ്തുക്കളുടെ യാത്ര സാധ്യമാക്കുന്ന സുതാര്യവും നേരിട്ടുള്ളതുമായ വിപണി ബന്ധങ്ങൾ സൃഷ്ടിക്കുക.
- ഭക്ഷണശാലകളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ നിർബന്ധമാക്കിയും, ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ തുടങ്ങിയ ന്യായവിലയിലുള്ള ജൈവവും ആരോഗ്യകരവുമായ ആഹാരപദാർത്ഥങ്ങൾ ലഭ്യമാകുന്നു എന്നുറപ്പുവരുത്തിക്കൊണ്ടും ഭക്ഷ്യ സുരക്ഷയും ലഭ്യതയും ഉറപ്പാക്കുക.
- വൈവിധ്യമാർന്നതും പോഷകസമൃദ്ധവുമായ ഇന്ത്യൻ പാചകരീതികളുടെ മൂല്യത്തെക്കുറിച്ച് പൊതുജന അവബോധ കാമ്പെയ്നുകൾ ആരംഭിക്കുക, ജങ്ക് ഫുഡിന് പകരം 'സ്ലോ ഫുഡ്', ചെറുധാന്യങ്ങൾ (millets) എന്നിവ പ്രോത്സാഹിപ്പിക്കുക, ഭക്ഷണത്തിന്മേലുള്ള സാംസ്കാരിക ഏകീകരണത്തെ സജീവമായി നിരസിക്കുക.
- നമ്മുടെ കർഷകരുടെ ആവശ്യങ്ങളേയും താത്പര്യങ്ങളേയും സംരക്ഷിക്കുന്ന നയങ്ങൾ രൂപവത്കരിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുക. അവരുടെ സാമ്പത്തിക പ്രായോഗികത, ക്ഷേമം എന്നിവ നമ്മുടെ പ്രാദേശിക ആഹാരവ്യവസ്ഥയുടെ ആണിക്കല്ലാകുന്നു എന്നുറപ്പുവരുത്തുക.

**08. ജലം**

ജലം ജീവന്റെ സ്രോതസ്സാണ്. എന്നാൽ നമ്മുടെ നഗരത്തിന്റെ ഭാവി ഭീഷണിയിലാണ്. ആഗോളതലത്തിൽ നീല ജലവും (നദികൾ, തടാകങ്ങൾ, ഭൂഗർഭ ജലം) ഹരിത ജലവും (മണ്ണിലെ ഈർപ്പം) മലിനപ്പെടുന്നതിന് വിധേയമാകുകയും അതിന്റെ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. ദീർഘകാലത്തിൽ തൃശൂരിൽ ജല ദൗർലഭ്യം എന്നത് സംഭവ്യമല്ലാത്ത ഒന്നല്ല.

വരാനിരിക്കുന്ന ഈ പ്രതിസന്ധിക്ക് ഉടനടി ദീർഘവീക്ഷണത്തോടെയുള്ള നടപടി ആവശ്യമാണ്. നമുക്കിനിയും ജലം ദുരുപയോഗം ചെയ്യാനോ ഓരോ തുള്ളിയും സംരക്ഷിക്കുക എന്ന പുരാതന ജ്ഞാനത്തെ അവഗണിക്കാനോ ആകില്ല. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾക്കായി ശുദ്ധവും സുരക്ഷിതവുമായ ജലം ലഭിക്കുക എന്നതിനു വിട്ടുവീഴ്ചയില്ല. അതുറപ്പുവരുത്തുക എന്നത് പ്രാദേശിക ഭരണകൂടത്തിന്റെ അടിസ്ഥാന കർത്തവ്യമാണ്.

ഈ ഭാഗം തൃശൂരിനെ ജലസുരക്ഷിതമാക്കാനുള്ള കൂട്ടായ ആവശ്യത്തിന്റെ രൂപരേഖയാണ്. ജലം പാഴാക്കുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന ശീലങ്ങളും നയങ്ങളും വേണമെന്ന് നമ്മൾ ആവശ്യപ്പെടുന്നു. ജലം സംഭരിക്കുക, പുനരുപയോഗം ചെയ്യുക എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഏറ്റവും അവശ്യം വേണ്ട ഈ വിഭവം സംരക്ഷിക്കപ്പെടുകയും, സമത്വത്തോടെ പങ്കുവയ്ക്കപ്പെടുകയും എല്ലാവർക്കും, വരും തലമുറയ്ക്കടക്കം, സുസ്ഥിരമായി ലഭ്യമാകുന്നു എന്നതിനായി പ്രത്യേക ശ്രദ്ധയോടെ കൈകാര്യം ചെയ്യുകയും വേണം. അത് ഇന്നത്തെ തലമുറയ്ക്ക് മാത്രമല്ല, വരും തലമുറയ്ക്കും ലഭ്യമാകണം.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- തൃശൂരിലെ എല്ലാ കുളങ്ങളെയും തടാകങ്ങളേയും കിണറുകളേയും സമഗ്രമായി ഉൾക്കൊള്ളിക്കുന്ന ഒരു പൊതു ജല ഭൂപടം തയ്യാറാക്കുക. അതുവഴി അവയുടെ സംരക്ഷണം ഉറപ്പാക്കുക.
- പൊതു ജലാശയങ്ങളെ സംരക്ഷിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, കുളങ്ങളെയും തടാകങ്ങളെയും ഔദ്യോഗിക ജലസംഭരണ കേന്ദ്രങ്ങളായി കണക്കാക്കുക, ജൈവവൈവിധ്യത്തെ പിന്തുണയ്ക്കുന്നതിനായി അവയ്ക്ക് ചുറ്റും പ്രാദേശിക സസ്യവർഗ്ഗങ്ങൾ നട്ടുപിടിപ്പിക്കുക, കോൾ തണ്ണീർത്തടങ്ങളുടെ പുനരുജ്ജീവനവും മലിനീകരണ നിർമാർജനവും ഏറ്റെടുക്കുക.
- എല്ലാ പൊതുജലാശയങ്ങളിലേക്കും തുല്യവും മാന്യവുമായ പ്രവേശനം ഉറപ്പാക്കുക. ജാതി, വർഗം, പ്രദേശം എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവേശനം പരിമിതപ്പെടുത്തുന്നില്ലെന്ന് ഉറപ്പാക്കുക, കുടിയേറ്റ തൊഴിലാളികളുടെയും മറ്റ് ദുർബല വിഭാഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുക.
- പുതിയ അപ്പാർട്ട്മെന്റുകൾക്കുള്ള കെട്ടിട പെർമിറ്റുകൾ പ്രാദേശിക ഭൂഗർഭജലത്തിന്റെ അളവിനെ അടിസ്ഥാനമാക്കിയും ജലസംരക്ഷണ, ഭൂഗർഭജല റീചാർജിംഗ് സംവിധാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ജല സ്വയംപര്യാപ്തത നിർബന്ധമാക്കുക.

- മഴവെള്ള സംഭരണ സംവിധാനങ്ങൾക്കും മഴക്കുഴികൾ നിർമ്മിക്കുന്നതിനും സബ്സിഡി നൽകി പ്രോത്സാഹിപ്പിച്ചും ഗാർഹിക തലത്തിലുള്ള ജലപരിപാലനം പ്രോത്സാഹിപ്പിക്കുക.
- പൊതു ജലാശയങ്ങളുടെ മലിനീകരണം തടയുന്നതിനായി, സെപ്റ്റിക് ടാങ്കുകൾ, സോക്ക് പിറ്റുകൾ, ഓൺ-സൈറ്റ് സംസ്കരണ/ശുദ്ധീകരണ യൂണിറ്റുകൾ എന്നിവയുൾപ്പെടെയുള്ള ദ്രാവകമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പരിശോധന നിർബന്ധമാക്കി കെട്ടിട, ശുചിത്വ ഉപനിയമങ്ങൾ നടപ്പിലാക്കുന്നത് ശക്തിപ്പെടുത്തുക.
- വെള്ളപ്പൊക്കത്തിന്റെയും വരൾച്ചയുടെയും ഇരട്ട അപായങ്ങളെ ലഘൂകരിക്കുന്നതിന് ജലത്തിന്റെ ഒഴുക്കും മണ്ണിൽ അതിനെ പിടിച്ചു നിർത്തലും വർദ്ധിപ്പിക്കുന്ന നടപടികൾ നടപ്പിലാക്കുന്നതിലൂടെ ജലസുരക്ഷയ്ക്കായി പ്രകൃതി അടിസ്ഥാനമാക്കിയുള്ള പരിഹാരങ്ങൾ സ്വീകരിക്കുക.
- നഗരസഭയുടെ ജല വിതരണ സംവിധാനങ്ങളിൽ നിരന്തരം കർശന പരിശോധനങ്ങൾ നടത്തി സുരക്ഷിതമായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക. അതിനൊപ്പം ഫലവത്തും കാര്യക്ഷമതയുള്ളതുമായ ജല ശുദ്ധീകരണ മാർഗ്ഗങ്ങൾ നടപ്പിൽ വരുത്തുക.
- തദ്ദേശീയ ജലാശയങ്ങളെ പരിപാലിക്കുന്നതിനും അവയുടെ പരമ്പരാഗത ഉപയോഗ അവകാശങ്ങൾ നിയമപരമായി സംരക്ഷിക്കുന്നതിനും സമൂഹങ്ങളെ പ്രാപ്തരാക്കുന്ന വ്യക്തമായ പ്രക്രിയകൾ സൃഷ്ടിച്ചുകൊണ്ട് സമൂഹങ്ങളാൽ നേതൃത്വം നൽകുന്ന സംരക്ഷണം അംഗീകരിക്കുക.
- എല്ലാ ജലവിതരണ, ശുദ്ധീകരണ സംവിധാനങ്ങളുടെയും ശരിയായ പ്രവർത്തനവും അവയുടെ പരിപാലനവും പ്രതിജ്ഞാബദ്ധമാക്കുന്ന പ്രാവർത്തികമായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തുക.
- സ്കൂളുകൾ, കോളേജുകൾ, സമൂഹങ്ങൾ എന്നിവിടങ്ങളിൽ ജലാരോഗ്യം, മലിനീകരണം ചെറുക്കൽ, സംരക്ഷണം എന്നിവയെക്കുറിച്ച് സമഗ്രമായ പൊതു അവബോധ പദ്ധതികൾക്ക് തുടക്കമിടുക. അതിനായി ഓരോ പൗരരെയും ജല സംരക്ഷകരായി ശാക്തീകരിക്കുക.

## 09. പഠനം, വിദ്യഭ്യാസം, ജ്ഞാനസമ്പാദനം

യഥാർത്ഥ പഠനം എന്നത് ഒരു ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന കണ്ടെത്തലുകളുടെ യാത്രയാണ്, ഒരു ബിരുദത്തോടെ അവസാനിക്കുന്ന ഒരു പന്തയമത്സരമല്ല. നമ്മെ ഭൂതകാലവുമായി ബന്ധിപ്പിക്കുന്നതും, വർത്തമാനകാലത്തിനായി സജ്ജരാക്കുന്നതും, ഭാവിയെ രൂപപ്പെടുത്താൻ ശക്തിപ്പെടുത്തുന്നതുമായ ഒന്നാണ്.

എന്നിരുന്നാലും, നിലവിലെ സംവിധാനങ്ങൾ പലപ്പോഴും ഈ യാത്രയെ ക്ലാസ് മുറികളുടെയും പ്രായത്തിന്റെയും പരിമിതികളിലേക്ക് ചുരുക്കുന്നു. ആധിപത്യ സ്വഭാവമുള്ള സാമ്പത്തിക യന്ത്രത്തിൽ നമ്മെ തളച്ചിടുന്നതിനായി ഉപരിപ്ലവമായ വിവരങ്ങൾ മാത്രം ഉൾക്കൊള്ളാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഈ സമീപനം നൂതനകളെ അടിച്ചമർത്തുകയും, നമ്മുടെ സമൂഹങ്ങളുടെ വൈവിധ്യത്തെ അനാദരിക്കുകയും, വ്യക്തിത്വപരമായ മത്സരത്തിന്റെ ഒരു സംസ്കാരത്തിൽ നമ്മെ പരസ്പരം എതിരാളികളാക്കുകയും ചെയ്യുന്നു. കേരളത്തിൽ തലമുറകളായി സാമൂഹികവും പാരിസ്ഥിതികവുമായ ഐക്യം ഉറപ്പാക്കിയിരുന്ന പരമ്പരാഗതവും പ്രാദേശികവുമായ അറിവുകളുടെ സമ്പന്നമായ ഒരു തിരശീലയെ ഇത് ക്രമേണ ഇല്ലാതാക്കുന്നു. പുരോഗമന നയങ്ങൾ പ്രാദേശികമായി പ്രസക്തിയുള്ളതും (locally relevant) പ്രവർത്തനാധിഷ്ഠിതവുമായ (activity-based) പഠനം ആവശ്യപ്പെടുമ്പോൾ പോലും, അവയുടെ അപര്യാപ്തമായ നടപ്പാക്കലിൽ നടത്തിപ്പിൽ അതിന്റെ കാതൽ നഷ്ടപ്പെടുന്നു.

പഠനത്തെ ഒരു ആജീവനാന്ത പരിശീലനമെന്ന വീണ്ടെടുക്കുന്ന ഒരു തൃശൂർ ആണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്. പ്രായഭേദമില്ലാതെ എല്ലാ പൗരന്മാർക്കും നമ്മുടെ പ്രാദേശിക ചരിത്രവുമായി ഇടപഴകാനും, നമ്മുടെ അതുല്യമായ ആവാസവ്യവസ്ഥയെ മനസ്സിലാക്കാനും, നമ്മുടെ പരിസ്ഥിതിയുമായി സുസ്ഥിരവും സന്തോഷകരവുമായ സഹവർത്തിത്വത്തിന് വഴിയൊരുക്കുന്ന അറിവ് വളർത്തിയെടുക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഇതിനർത്ഥം.

നമുക്ക് ചുറ്റിലും സമൂഹങ്ങളുടെയും, സന്നദ്ധ സംഘടനകളുടെയും, പുരോഗമന ചിന്തകളുള്ള സംസ്ഥകളുടേയും സംരംഭങ്ങൾ ഈ പാതയിലൂടെ സഞ്ചരിക്കുന്നുണ്ട്. വിദ്യാസമ്പാദനം ഗ്രന്ഥശാലകൾ, ശില്പശാലകൾ, പൊതുയിടങ്ങൾ എന്നിവയിലൂടെയൊക്കെയും സംഭവിക്കാമെന്ന് അവ തെളിയിക്കുന്നു. നമുക്ക് വിമർശനങ്ങൾക്കപ്പുറത്തേക്കു കടന്ന്, മനുഷ്യരെ സ്വതന്ത്രമാക്കുകയും, തമ്മിൽ ചേർക്കുകയും, ശാക്തീകരിക്കുന്നതുമായ വിദ്യഭ്യാസത്തിനായി പ്രവർത്തിക്കാം.

ഒന്നിലധികം വിജ്ഞാന സംവിധാനങ്ങളെ ആദരിക്കുന്ന, മത്സരത്തേക്കാൾ സഹകരണവും

സഹവർത്തിത്വവും വളർത്തിയെടുക്കുന്ന, എല്ലാ യുവാക്കൾക്കും നമ്മുടെ നഗരത്തിൽ ആഴത്തിൽ ബന്ധം സ്ഥാപിക്കുന്നതിനോടൊപ്പം ഉത്തരവാദിത്തബോധമുള്ള മനുഷ്യരായി പഠിക്കാനും വളരാനും അഭിവൃദ്ധി പ്രാപിക്കാനും കഴിയുമെന്ന് ഉറപ്പാക്കുന്ന ഒരു സംവിധാനമാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- സമഗ്രമായ ക്ഷേമം പ്രധാന പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക. സ്വയവുമായും, സമൂഹവുമായും, പ്രകൃതിയുമായും ആഴത്തിലുള്ളതും നിരന്തരവുമായ ബന്ധം വളർത്തിയെടുക്കുക.
- ജിജ്ഞാസ, ഭാവന, അതിജീവനശേഷി എന്നിവ ഉണർത്തുന്നതിനായി അധ്യാപന പ്രക്രിയകളെ പുനർവിചിന്തനം ചെയ്യുക, വിദ്യാഭ്യാസത്തെ സാമ്പത്തിക ലക്ഷ്യമെന്നുള്ള ഇടുങ്ങിയ ഉദ്ദേശ്യത്തിന് അപ്പുറത്തേക്ക് നയിക്കുക.
- കുട്ടികൾക്കും യുവാക്കൾക്കും അവരുടെ പ്രദേശത്തെക്കുറിച്ച് ചിന്തികാനുതകും വിധത്തിലും ഉത്തരവാദിത്വബോധമുള്ള പൗരത്വം പ്രോത്സാഹിപ്പിക്കും വിധത്തിലും പാഠ്യപദ്ധതിയിൽ പരിസ്ഥിതി, സാമൂഹ്യ ഉത്തരവാദിത്വം മുതലായവ ഉൾച്ചേർക്കുക.
- സ്കൂൾ പാഠ്യപദ്ധതിയിൽ നീന്തൽ, ഭക്ഷണം വളർത്തൽ, പാചകം, സാമ്പത്തിക സാക്ഷരത, ഡ്രൈവിംഗ് തുടങ്ങിയ പ്രായോഗിക കഴിവുകൾ ഉൾപ്പെടെ സമഗ്രമായ ജീവിത നൈപുണ്യ വിദ്യാഭ്യാസം നിർബന്ധമാക്കുക.
- സ്ഥലാധിഷ്ഠിത പദ്ധതികൾ, പ്രാദേശിക ചരിത്ര മൊഡ്യൂളുകൾ, പൗര പ്രവർത്തനങ്ങൾക്കുള്ള ഘടനാപരമായ അവസരങ്ങൾ എന്നിവയിലൂടെ പ്രാദേശിക സ്വത്വവും പൗര ഇടപെടലും ശക്തിപ്പെടുത്തുക.
- പ്രഥമശുശ്രൂഷാ പരിശീലനവും വെള്ളപ്പൊക്കം പോലുള്ള പ്രാദേശിക ഭൂമിശാസ്ത്രപരമായ അപകടങ്ങൾക്കുള്ള പ്രത്യേക തയ്യാറെടുപ്പും ഉൾപ്പെടെയുള്ള ദുരന്ത നിവാരണ കഴിവുകൾ ഓരോ വിദ്യാർത്ഥിയിലും വളർത്തിയെടുക്കുക.
- ഒരാളുടെ സ്വത്വവുമായും സഹപഠിതാക്കളുമായും ബന്ധിച്ചു നിർത്തുന്നതിനുള്ള അവശ്യ ഉപകരണങ്ങളെന്ന നിലയിൽ പഠനപ്രക്രിയയിലുടനീളം, വൈവിധ്യമാർന്ന കലകൾ, നാടകം, എന്നിവയെ ഉപയോഗപ്പെടുത്തുക.
- നിർമിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് - AI) യുടെ പ്രയോഗത്തിനോടൊപ്പം ആഴമേറിയ അവബോധം, വിമർശനാത്മക ചിന്ത, സർഗ്ഗാത്മകത എന്നിവ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളും ചേർത്ത് നിർത്തുന്ന വിധം സാങ്കേതിക വിദ്യ ഉപയോഗിക്കാൻ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സ്ഥാപിക്കുക.
- വൈവിധ്യമാർന്ന സാംസ്കാരിക, പാരിസ്ഥിതിക, സാമൂഹിക, വ്യക്തിഗത സാഹചര്യങ്ങൾക്ക് അനുയോജ്യമായ വിവിധ ബദൽ പഠന സമീപനങ്ങളെ പിന്തുണച്ചുകൊണ്ട്, വൈകല്യമുള്ള കുട്ടികൾക്കുള്ള സമഗ്ര വിദ്യാഭ്യാസത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, വിദ്യാഭ്യാസ ബഹുസ്വരതയെ പ്രോത്സാഹിപ്പിക്കുക.
- സ്കൂളുകളും പ്രാദേശിക ആവാസവ്യവസ്ഥകളിന്മേൽ പ്രവർത്തനങ്ങൾ നടത്തുന്ന സംഘടനകളും തമ്മിൽ വ്യവസ്ഥാപിതമായ പങ്കാളിത്തം സൃഷ്ടിച്ച് അവരുടെ പ്രവർത്തനതലത്തിൽ നിന്നുള്ള വിദ്യയും രേഖപ്പെടുത്തപ്പെട്ടിട്ടുള്ള അറിവുകളും കുട്ടികൾക്കായുള്ള വിദ്യഭ്യാസ അനുഭവങ്ങളുടെ പ്രധാന ഭാഗമായി മാറുന്നു എന്നുറപ്പു വരുത്തുക.
- മേൽ പറഞ്ഞ വീക്ഷണത്തിനും പഠനസംബന്ധിയായ മാറ്റങ്ങൾക്കും അനുസൃതമായി അധ്യാപക പരിശീലന സ്ഥാപനങ്ങളെയും അധ്യാപകരുടെ പ്രൊഫഷണൽ വികസനത്തെയും പുനഃക്രമീകരിക്കുക.
- സാംസ്കാരികവും പാരിസ്ഥിതികവുമായ ബന്ധങ്ങൾ നിലനിർത്തിക്കൊണ്ട് ചലനാത്മകമായ ഒരു ലോകവുമായി ഇടപഴകുന്നതിന് മുതിർന്നവർക്കും പ്രായമായവർക്കും ജീവിതകാലം മുഴുക്കെ വിദ്യനേടുവാനുതകുന്ന സൗകര്യങ്ങൾ സൃഷ്ടിക്കുക.
- സംവാദങ്ങൾ, ചർച്ചകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് പൊതു ലൈബ്രറികളെ വിജ്ഞാന കേന്ദ്രങ്ങളാക്കി മാറ്റുക.
- തൃശ്ശൂരിനെ ഒരു യഥാർത്ഥ വിജ്ഞാന കേന്ദ്രമായി സ്ഥാപിക്കുന്ന, ജനങ്ങളാൽ നയിക്കപ്പെടുന്ന, ഒരു പരിപാടിയായി യുനെസ്കോ ലേണിംഗ് സിറ്റി പദ്ധതി മാറ്റുന്നതിനായി അക്കാദമിഷ്യന്മാർ, ഫെസിലിറ്റേറ്റർമാർ, സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകൾ എന്നിവ ഉൾപ്പെടുന്ന ഒരു തൃശൂർ ലേണിംഗ് സിറ്റി സ്റ്റിയറിംഗ് കമ്മിറ്റി സ്ഥാപിക്കുക, ഇതിലൂടെ ഈ പദ്ധതിക്കായി ആശയരൂപീകരണം, ആസൂത്രണം, നടത്തിപ്പ് എന്നിവയ്ക്ക് നേതൃത്വം നൽകുക.

## 10. ഊർജ്ജം

നമ്മുടെ നഗരത്തിലെ ഏതൊരു പ്രവർത്തനത്തിനും കരുത്തു നൽകുന്നതും അതിനെ നിലനിർത്തുന്നതും ഊർജ്ജമാണ്,

അതിന്റെ നിരന്തരമായ ലഭ്യത നിഷേധിക്കാനാവാത്ത ആവശ്യമാണ്. എന്നിരുന്നാലും, ആഗോള കാലാവസ്ഥാ പ്രതിസന്ധിക്ക് ഇന്ധനം നൽകുന്ന കാർബൺ-തീവ്രമായ പ്രക്രിയകളിലൂടെയാണ് ഈ ആവശ്യം പ്രധാനമായും നിറവേറ്റുന്നത്. ഈ പോരാട്ടത്തിൽ നഗര കേന്ദ്രങ്ങൾ മുൻനിരയിൽ നിൽക്കേണ്ടുന്ന സാഹചര്യത്തിൽ, ആഗോള താപനിലാ വർദ്ധനവ് 1.5 ഡിഗ്രി സെൽഷ്യസിൽ താഴെയായി നിയന്ത്രിക്കുക എന്ന സുപ്രധാന ലക്ഷ്യം കൈവരിക്കുന്നതിൽ തൃശൂർ അതിന്റെ പങ്ക് പുനർവിചിന്തനം ചെയ്യണം. ഇങ്ങനെയുള്ള മാറ്റങ്ങളിൽ ഊർജ്ജ വിഭാഗം വളരെ നിർണ്ണായക പങ്കുവഹിക്കുന്നു.

ഈ പ്രാധാന്യത്തിന് നമ്മുടെ സംസ്ഥാനത്തെ ഊർജ്ജ യാഥാർത്ഥ്യങ്ങൾ അടിവരയിടുന്നു. കേരളം അതിനാവശ്യമുള്ള ഊർജ്ജത്തിന്റെ മൂന്നിലൊന്നു മാത്രമാണുത്പാദിപ്പിക്കുന്നത്. ബാക്കിയുള്ളതിൽ അധികവും കൽക്കരി അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്രോതസ്സുകളിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെടുകയാണ്. ഇത് 2040 ആകുമ്പോഴേക്കും 100% പുനരുപയോഗ ഊർജ്ജം (renewable energy) എന്ന ലക്ഷ്യത്തിനു കടകവിരുദ്ധമാണ്. അതുപോലെ 2050 ആകുമ്പോഴേക്കും കാർബൺ ന്യൂട്രൽ എന്ന ലക്ഷ്യത്തിനും. കേരളത്തിന്റെ കൈവശം വിശാലമായ 12.4 ഗിഗാവാട്ട് സൗരോർജ്ജ സാധ്യതയുണ്ടെങ്കിലും ഇപ്പോൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് ഏകദേശം 2 ഗിഗാവാട്ട് മാത്രമാണ്. ഇത് നമ്മൾ നികത്തേണ്ട വലിയ ഒരു വിടവിനെ സൂചിപ്പിക്കുന്നു.

പുനരുപയോഗ ഊർജ്ജ സംയോജനം സംബന്ധിച്ച്, തൃശൂരിന് നിർണായകമായ ഒരു മാറ്റം ഞങ്ങൾ ആവശ്യപ്പെടുന്നു. വീടുകളിൽ സോളാർ സംവിധാനങ്ങൾ വ്യാപിപ്പിച്ചുകൊണ്ടും, ഏറ്റവും കൂടുതൽ ഊർജ്ജോപയോഗം നടക്കുന്ന സമയങ്ങളിൽ ശുദ്ധമായ ഊർജ്ജത്തിന്റെ വിതരണം ചേരും വിധം കൈകാര്യപ്രക്രിയകൾ നടപ്പിൽ വരുത്തിയും. കെട്ടിടങ്ങളിലും ഗതാഗതത്തിലും നൂതനമായ നടപടികളിലൂടെ ഊർജ്ജ സംരക്ഷണവും ഊർജ്ജ ഉപഭോഗം കുറയ്ക്കലും നടപ്പിൽ വരുത്തുന്നതിനു നമ്മൾ മുൻപന്തിയിലെത്തണം. ഈ മാറ്റം കേവലം പാരിസ്ഥിതിക അനിവാര്യത മാത്രമല്ല, ഊർജ്ജ സുരക്ഷ, പ്രതിരോധശേഷി, നമ്മുടെ നഗരത്തിന്റെ സുസ്ഥിര ഭാവി എന്നിവയ്ക്കും പ്രാധാന്യമുള്ളതാണ്.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- നിലവിലുള്ള സൗരോർജ്ജ വിന്യാസം അവലോകനം ചെയ്തും നിലവിലുള്ള വിടവുകൾ നികത്തുന്നതിനുള്ള പദ്ധതി വികസിപ്പിച്ചും നഗരത്തിന്റെ പുനരുപയോഗ ഊർജ്ജ സാധ്യതകൾ വിലയിരുത്തുക.
- വികേന്ദ്രീകൃത വൈദ്യുതി ഉത്പാദന മാതൃകകളിൽ വിജയിച്ചിട്ടുള്ളവയെ പഠിച്ച് അവയെ ഉപയോഗത്തിനു ചേരത്തക്കവിധത്തിൽ പരിഷ്കരിക്കുക. അതുവഴി ഉപഭോക്താക്കളെ ശാക്തീകരിക്കുയും പ്രാദേശിക ഗ്രിഡിന്റെ കരുത്ത് വർധിപ്പിക്കുകയും ചെയ്യുക.
- ഊർജ്ജ കാര്യക്ഷമത പദ്ധതികൾ, പുനരുപയോഗ ഊർജ്ജം, ആവശ്യകതാ വ്യതിയാനം എന്നിവയെക്കുറിച്ച് അവബോധം വളർത്തുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് പൊതു ആശയവിനിമയ സാമഗ്രികൾ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.
- ഏറ്റവും അധികം ഊർജ്ജം ഉപയോഗിക്കപ്പെടുന്ന സമയങ്ങളിൽ ഊർജ്ജ ഉപയോഗം കുറയ്ക്കുന്ന വീട്ടുടമകൾക്കായി പ്രോത്സാഹന പദ്ധതികൾ സൃഷ്ടിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
- എല്ലാ നഗര നിർമ്മാണ പ്രവർത്തനങ്ങളിലും സംസ്ഥാന ഊർജ്ജ സംരക്ഷണ, സുസ്ഥിര നിർമ്മാണ കോഡുകൾ പൂർണ്ണമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.
- നഗരസഭയുടെ എല്ലാ നിർമ്മാണ പദ്ധതികളിലും ഹരിത പൊതു സംഭരണ നയങ്ങൾ (green public procurement policies) നടപ്പിലാക്കുക.
- മീനങ്ങാടി പദ്ധതി, മറ്റ് വികേന്ദ്രീകൃത ഊർജ്ജ സംവിധാനങ്ങൾ തുടങ്ങിയ വിജയകരമായ മാതൃകകളെക്കുറിച്ച് ഔപചാരികമായി പഠിച്ചുകൊണ്ട്, പ്രാദേശികമായി പ്രയോഗിക്കാവുന്ന നടപടികൾ സ്വീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി തൃശ്ശൂരിനായി ഒരു കാർബൺ-ന്യൂട്രൽ പദ്ധതി രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യുക.
- വൈദ്യുതി, ഗതാഗതം, കൃഷി, വനം മേഖലകളിലെ ബന്ധപ്പെട്ട തത്പരകക്ഷികളുടെ പങ്കാളിത്തത്തോടെ കാർബൺ ക്രെഡിറ്റ് അവസരങ്ങളെക്കുറിച്ച് ശില്പശാലകളും പണിശാലകളും സമ്മേളനങ്ങളും സംഘടിപ്പിക്കുക.

## 11. പാർപ്പിടങ്ങളും നഗരാസൂത്രണവും

നമ്മൾ നമ്മുടെ നഗരത്തെ എങ്ങനെ ആസൂത്രണം ചെയ്യുന്നു എന്നത് നമ്മളെങ്ങനെ ജീവിക്കുന്നു എന്നതിനെ നിർവചിക്കുന്നു. നഗരാസൂത്രണം എന്നത് വീടുകൾ, ജീവനോപാധികൾ, പരിസ്ഥിതി, വിനോദം എന്നിവയ്ക്കായി സ്ഥലം എങ്ങനെ

ക്രമീകരിക്കപ്പെടുന്നു എന്നതിനെ നിശ്ചയിക്കുന്നു. ഇത് കേവലം സാങ്കേതികതയല്ല. നീതി, കൂട്ടായ അവകാശങ്ങൾ, നമ്മൾ പിന്തുടരുന്ന വികസനമാതൃക എന്നിവയെക്കുറിച്ചുള്ള നമ്മുടെ സമൂഹത്തിന്റെ ആഴമേറിയ മൂല്യങ്ങളുടെ നേരിട്ടുള്ള പ്രതിഫലനമാണിത്.

നിലവിൽ നഗരത്തിന്റെ വളർച്ച ചിട്ടയില്ലാത്തതും പാരിസ്ഥിതികമായി നിലനിൽക്കാത്തതുമാണ്. ദ്രുതഗതിയിൽ, അനിയന്ത്രിതമായ നഗര വികസനം കൃഷി ഭൂമിയെ തരം മാറ്റുന്നതിനും, ജലാശയങ്ങൾ നികത്തപ്പെടുന്നതിനും, അരക്ഷിതമായ സർക്കാർ ഭൂമി കയ്യേറ്റം മൂലം നഷ്ടപ്പെടുന്നതിനും കാരണമാക്കിയിട്ടുണ്ട്. ഈ മാതൃക, നഗരത്തിന് വേണ്ടി ഗ്രാമപ്രദേശങ്ങളിൽ നിന്ന് വിഭവങ്ങൾ വലിച്ചെടുക്കുകയും അതോടൊപ്പം നഗര മാലിന്യങ്ങൾ അവയിലേക്ക് തിരികെ തള്ളുകയും ചെയ്യുന്നു.

ഇതിന്റെയെല്ലാം സാമൂഹ്യ പ്രത്യാഘാതങ്ങൾ ഗൗരവമേറിയതാണ്. കുതിച്ചുയരുന്ന ഭൂമി വിലകൾ സഹനീയമായ ചെലവിൽ വീടുവയ്ക്കുക എന്നത് അപൂർവ്വമായിക്കിയിരിക്കുന്നു, സാമ്പത്തികമായി ദുർബലരായ വിഭാഗങ്ങളെ ചേരികളിലും അനൗപചാരിക കോളനികളിലും അപര്യാപ്തമായ ജീവിത സാഹചര്യങ്ങളിലേക്കും തള്ളിവിടുന്നു.

കേവലം സംഖ്യാ ലക്ഷ്യങ്ങൾക്കപ്പുറം നമ്മുടെ ജനസംഖ്യയുടെ, പ്രത്യേകിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ, യഥാർത്ഥവും താങ്ങാനാവുന്നതുമായ ഭവന ആവശ്യങ്ങൾ മനസ്സിലാക്കേണ്ടത് അടിയന്തിരമായി ആവശ്യമാണ്. പാർപ്പിടസൗകര്യം, വ്യവസായം, നിക്ഷേപം എന്നിവയെ കൈകാര്യം ചെയ്യുന്ന സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിലെ പോരായ്മകൾ ഈ പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്നു.

തൃശൂർ വികസിക്കുന്നതിനനുസരിച്ച്, നമ്മുടെ സാമൂഹിക-സാംസ്കാരിക ശീലങ്ങളും, ഭവന ആവശ്യങ്ങളും, ഗതാഗത രീതികളും പരിണമിക്കുന്നു. വിഘടിതവും പലതും ഒഴിവാക്കി നിർത്തുന്നതുമായ ഈ മാതൃകയെ തിരസ്കരിക്കുന്ന ഒരു നഗരത്തെ ഞങ്ങൾ വിഭാവനം ചെയ്യുന്നു. സമഗ്രവും പാരിസ്ഥിതികമായി പുനരുജ്ജീവന സമീപനമുള്ളതുമായ സമീപനം നഗരവികസനത്തിനു വേണം എന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. എല്ലാ പൗരന്മാർക്കും, നമ്മൾ താമസിക്കുന്ന ഭൂമിയ്ക്കും, ക്ഷേമം നൽകുന്നതാകണം അതെന്നും ആവശ്യപ്പെടുന്നു.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- വീടുകൾ, ജോലിസ്ഥലങ്ങൾ, വ്യാപാരസ്ഥാപനങ്ങൾ, വിനോദങ്ങൾ എന്നിവയിലേക്കെല്ലാം എളുപ്പത്തിൽ എത്തിച്ചേരാവുന്ന ദൂരത്തിൽ അയൽപക്കങ്ങൾ രൂപകൽപ്പന ചെയ്യുക, അതുവഴി ദീർഘദൂര യാത്രകളുടെ ആവശ്യകത ഗണ്യമായി കുറയ്ക്കുക.
- എല്ലാ വാസസ്ഥലങ്ങളും കാൽനടയാത്രക്കാർക്ക് അനുയോജ്യവും സൈക്കിൾ യാത്രക്കാർക്ക് സുരക്ഷിതവുമാണെന്ന് ഉറപ്പു വരുത്തും വിധം സമർപ്പിത പാതകൾ നിർമ്മിച്ച്, നടത്തത്തിനും സൈക്കിൾ സവാരിക്കും മുൻഗണന നൽകുക.
- സമൂഹ ഒത്തുചേരലുകൾക്കായി പൊതു ഇടങ്ങൾ സൃഷ്ടിക്കുക. അവ വളർത്തു മൃഗ സൗഹൃദമാണെന്നും അംഗവിഹീനത്വമുള്ളവർക്ക് എത്തിച്ചേരാനാകും വിധമാണെന്നും ഉറപ്പു വരുത്തുക.
- എല്ലാ പൊതു ഇടങ്ങളും അടിസ്ഥാന സൗകര്യങ്ങളും വികലാംഗർക്ക് പൂർണ്ണമായും പ്രാപ്യമാണെന്ന് ഉറപ്പുവരുത്തുക.
- പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിന് പ്രാദേശിക കെട്ടിടനിർമ്മാണ പരിജ്ഞാനം ഉപയോഗിച്ച്, കാലാവസ്ഥയെ പ്രതിരോധിക്കുന്നതും ഊർജ്ജക്ഷമതയുള്ളതുമായ കെട്ടിട രൂപകൽപ്പനകൾ നിർബന്ധമാക്കുക.
- ഭൂഗർഭജലം റീചാർജ് ചെയ്യുന്നതിനും മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിനും മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള ഇടങ്ങൾ സംരക്ഷിച്ചുകൊണ്ട് ജല സംവേദനക്ഷമതയുള്ള രൂപകൽപ്പനകൾ ഉൾച്ചേർക്കുക.
- നഗരാസൂത്രണത്തിന്റെ ഒരു പ്രധാന ഘടകമായി മാലിന്യ സംസ്കരണ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക.
- ഇടുങ്ങിയ ഇടവഴികളും കവലകളും വീതി കൂട്ടി ഗതാഗതക്കുരുക്കുകളെ അഭിമുഖീകരിക്കുക. മതിയായ ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കുക. സുരക്ഷയും വാഹനങ്ങളുടെ ചലനവും വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റോപ്പുകൾ മാറ്റി സ്ഥാപിക്കേണ്ടതുണ്ടെങ്കിൽ അത് നടപ്പിലാക്കുക.
- റോഡ് സുരക്ഷ ഉറപ്പാക്കാൻ എല്ലാ റോഡുകളുടെയും സമയബന്ധിതമായ അറ്റകുറ്റപ്പണികൾ ഉറപ്പാക്കുക.
- നഗര വികസനം സന്തുലിതവും സുസ്ഥിരവുമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് തൃശൂർ കോർപ്പറേഷനും അയൽ പഞ്ചായത്തുകളും തമ്മിലുള്ള പ്രാദേശിക സഹകരണം ശക്തിപ്പെടുത്തുക.
- കുടിയേറി പാർക്കുന്നവരെ

- പിന്തുണയ്ക്കാനുതകും വിധം നഗരത്തെ സജ്ജമാക്കുന്ന, തൃശ്ശൂരിന്റെ സാമൂഹികവും സാമ്പത്തികവുമായ ഘടനയിൽ അവർ ഇഴചേരുന്ന എന്നുറപ്പാക്കുന്ന, എല്ലാവരെയും ഉൾക്കൊള്ളുന്ന നഗര നയങ്ങൾ വികസിപ്പിക്കുക.

**12. ഗതാഗതവും യാത്രാസൗകര്യവും**

നമ്മുടെ പൗരരെ വിദ്യഭ്യാസം, ജീവനോപാധികൾ, ആരോഗ്യക്ഷേമം എന്നിവയുമായി ബന്ധിപ്പിക്കുന്ന നിർണ്ണായകമായ ഉപാധിയാണ് ഗതാഗതം. തൃശൂരിന്റെ വളർച്ചയ്ക്കൊപ്പം യാത്രാസൗകര്യങ്ങൾക്കായുള്ള അതിന്റെ ആവശ്യവും വർദ്ധിക്കും. എന്നാൽ, ദീർഘകാലമായി, ഗതാഗതാസൂത്രണം നഗര രൂപകല്പനയുടെ അടിസ്ഥാന ഘടകമാകുന്നതിനു പകരം പിന്നീടു വന്ന ഒരു ചിന്തമാത്രമായി അനുഭവപ്പെടുന്നു.

നമ്മുടെ നഗരത്തിന്റെ മാസ്റ്റർ പ്ലാനിൽ സുസ്ഥിരവും ഗതാഗതാധിഷ്ഠിതവുമായ വികസനം സംയോജിപ്പിക്കണം, നടത്തവും സൈക്ലിംഗും സുരക്ഷിതവും സൗകര്യപ്രദവുമായ യാത്രാ മാർഗങ്ങളുമാകുന്ന ഒരു സംവിധാനം സൃഷ്ടിച്ചെടുക്കേണ്ടതുണ്ട്. നമ്മുടെ ഗതാഗത സംവിധാനത്തിന്റെ കാതലായ തത്വങ്ങൾ താങ്ങാനാവുന്ന ചെലവും തുല്യതയും ആയിരിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

പ്രധാന അടിസ്ഥാന സൗകര്യ പദ്ധതികൾക്കൊപ്പം, ഏറ്റവും അരികുവൽക്കരിക്കപ്പെട്ടവരുടെ ആവശ്യങ്ങൾക്കും, അവസാന നാഴിക വരെയെത്താനാകുന്ന ആശ്രയിക്കാവുന്ന സംവിധാനത്തിനും (last-mile connectivity) അവശ്യ സേവനങ്ങൾ എളുപ്പത്തിൽ നേടിയെടുക്കുന്നതിനും മുൻഗണന നൽകണം. നമ്മുടെ പൊതുഗതാഗതം സാമൂഹിക നീതിക്കുള്ള ഒരു ഉപകരണമായി വർത്തിക്കണം, താഴ്ന്ന വരുമാനക്കാർ, സ്ത്രീകൾ, പ്രായമായവർ, വികലാംഗർ എന്നിവർക്ക് നഗരത്തിലൂടെ അന്തസ്സോടെയും എളുപ്പത്തിലും സഞ്ചരിക്കാൻ കഴിയുമെന്ന് ഉറപ്പാക്കണം.

സൗകര്യം, ആവൃത്തി, സുരക്ഷ എന്നീകാര്യങ്ങൾക്ക് പേരുകേട്ട, പൊതുഗതാഗതം എല്ലാവരുടേയും തിരഞ്ഞെടുപ്പാകുന്ന, ഒരു തൃശൂരാണ് ഞങ്ങൾ വിഭാവനം ചെയ്യുന്നത്. ഇത് നേടിയെടുക്കുന്നതിന് നിർണ്ണായകമായ ഒരു നയ മാറ്റം ആവശ്യമുണ്ട്. അതിനായി സ്വകാര്യ വാഹനങ്ങളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കാതിരിക്കുകയും, വാഹനങ്ങൾക്ക് പ്രവേശനമില്ലാത്ത മേഖലകൾ സൃഷ്ടിക്കുകയും ചെയ്യണം. സമ്മർദ്ദരഹിതമായ യാത്ര നിറവേറ്റുന്നതിന് സ്കൂൾ വിദ്യാർത്ഥികൾ, മുതിർന്ന പൗരന്മാർ തുടങ്ങി എല്ലാ പൗരന്മാരുടേയും ആവശ്യങ്ങൾ പൂർത്തികരിക്കാനാകും വിധം ബസ്സുകളിലും പൊതുഗതാഗതത്തിലും നിക്ഷേപമിറക്കണം.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- ബസ് സ്റ്റാന്റുകളെ സുരക്ഷിതവും, എല്ലാവരേയും ഉൾക്കൊള്ളുന്നതുമായ കേന്ദ്രങ്ങളാക്കി പരിവർത്തിപ്പിക്കുക. അതിനായി ആവശ്യത്തിന് ഇരിപ്പിടങ്ങളും മറ്റ് സൗകര്യങ്ങളും ഒരുക്കുക. ഇതിൽ ലാപ്ടോപ്പുകൾക്കും മൊബൈൽ ഫോണുകൾക്കുമായി ചാർജിങ്ങ് സ്റ്റേഷനുകളും ഉൾപ്പെടുന്നു.
- സമർപ്പിതവും നല്ലരീതിയിൽ പരിപാലിക്കപ്പെടുന്നതുമായ വഴികൾ നിർമ്മിച്ചും ഗതാഗത നിയമങ്ങൾ കാര്യക്ഷമമായി നിർബന്ധമാക്കിയും കാൽനടക്കാരുടേയും സൈക്കിൾ സവാരിക്കാരുടേയും സുരക്ഷ ഉറപ്പാക്കുക.
- വിദ്യാർത്ഥികൾ, കമ്മ്യൂണിറ്റി വളണ്ടിയർമാർ, സന്നദ്ധസേവകർ, അരികുവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ എന്നിവയുൾപ്പെടെയുള്ള പ്രധാന സാമൂഹിക ഗ്രൂപ്പുകൾക്കിടയിൽ ഇ-സൈക്കിളുകൾക്കായുള്ള ആവശ്യം വിലയിരുത്തുകയും കണ്ടെത്തലുകളെ അടിസ്ഥാനമാക്കി അവ ലഭ്യമാക്കാനുള്ള ഒരു പദ്ധതി രൂപപ്പെടുത്തുകയും ചെയ്യുക.
- ചാർജിങ്ങ് സ്റ്റേഷനുകൾപോലെയുള്ള അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപിച്ച് വൈദ്യുതി വാഹനങ്ങളിലേക്കുള്ള പരിവർത്തനം ദ്രുതഗതിയിലാക്കുക.
- തൃശൂർ നഗരത്തിൽ നിലവിലുള്ളതും ഭാവിയിൽ ആവശ്യമായി വരാവുന്നതുമായ ഗതാഗത ആവശ്യങ്ങൾ വിശകലനം ചെയ്യുന്നതിനും കുപ്പിക്കഴുത്തുകൾ തിരിച്ചറിയുന്നതിനും സ്ത്രീകൾ, കുട്ടികൾ, യുവാക്കൾ, പ്രായമായവർ, ഭിന്നശേഷിക്കാർ, എൽ.ജി.ബി.ടി.ക്യു.ഐ.എ.+ സമൂഹം എന്നിവരുടെയെല്ലാം ഗതാഗത ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന സംയോജിത പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സമഗ്രമായ ഒരു ഗതാഗത പഠനം നടത്തുക.
- നഗരത്തിലെ ബസ് സർവീസുകളുടെ കാര്യക്ഷമതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിന് സാങ്കേതികവിദ്യാധിഷ്ഠിത റൂട്ട് ഒപ്റ്റിമൈസേഷൻ നടപ്പിലാക്കുക.
- നടത്തം, സൈക്ലിംഗ്, സമൂഹാടിസ്ഥാനത്തിലുള്ള വിനോദ പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി നഗരത്തിൽ സ്ഥിരവും താൽക്കാലികവുമായ വാഹനരഹിത മേഖലകൾ സൃഷ്ടിക്കുക.

## 13. മാധ്യമം

വിവര സാങ്കേതികവിദ്യയുടെ ഈ യുഗത്തിൽ സത്യം എന്നത് വെല്ലുവിളിക്കാനാകുന്ന ഒരു സംഗതിയായി മാറിയിരിക്കുന്നു. രാജ്യമെമ്പാടും, നമ്മൾ അപകടകരമായ ഒരു സംഗമത്തിനു സാക്ഷ്യം വഹിക്കുന്നു. മാധ്യമങ്ങളെ കോർപറേറ്റുകളും ഭരണശക്തിയും ചേർന്ന് പിടിയിലൊതുക്കുന്ന സംഗമം. അതിനൊപ്പം തെറ്റായ വിവരങ്ങൾ പ്രസരിപ്പിക്കുന്നത് വ്യാപകമാകുന്നു, എതിർപ്പുകളെ വ്യവസ്ഥാപിതമായും സംഘടിതമായും ട്രോൾ ചെയ്യപ്പെടുന്നു, സ്വതന്ത്ര മാധ്യമ പ്രവർത്തനത്തെ ശ്വാസം മുട്ടിക്കുന്നു. ഈ പരിതസ്ഥിതി ജനാധിപത്യ ചർച്ചകളെ ക്ഷയിപ്പിക്കുകയും ധ്രുവീകരിക്കപ്പെട്ടതും തെറ്റായ വിവരങ്ങൾ മാത്രം ലഭിച്ചിട്ടുള്ളതുമായ പൊതുജനങ്ങളെ സൃഷ്ടിക്കുകയും ചെയ്യുന്നു.

എന്നിരുന്നാലും വെല്ലുവിളികളുള്ള ഈ സാഹചര്യത്തിൽ നിന്ന് പുതിയ പ്രതീക്ഷകൾ ഉയരുന്നുണ്ട്. പുതുമയാർന്ന, ജനാധിപത്യ മാധ്യമ പ്രാരംഭങ്ങളുടെ ഉദയം നമുക്ക് പ്രചോദനമാകുന്നു. അത് ബദൽ മാർഗ്ഗങ്ങൾ സാധ്യമാണെന്ന് തെളിയിക്കുന്നു. അവരിൽ നിന്ന് പാഠ്യങ്ങൾ ഉൾക്കൊണ്ട് നമ്മൾ പ്രാദേശിക തലത്തിൽ നിർണ്ണായകവുമായ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

മാധ്യമങ്ങളുടെ നിഷ്ക്രിയ ഉപഭോക്താവല്ലാത്ത, സജീവവും വിമർശനബുദ്ധിയുള്ളതുമായ സൃഷ്ടാവാകുന്ന ഒരു തൃശൂർ നഗരത്തെ ഞങ്ങൾ വിഭാവനം ചെയ്യുന്നു. പ്രാദേശിക പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ സജീവമായ വേദികൾ, നമ്മുടെ സമൂഹങ്ങളിൽ നടക്കുന്ന നല്ലതും പ്രതീക്ഷ നൽകുന്നതുമായ പ്രവർത്തനങ്ങൾ ആഘോഷിക്കുന്നതിനുള്ള വേദികൾ, നമ്മുടെ സമ്പന്നമായ പ്രാദേശിക ചരിത്രത്തെയും പരിസ്ഥിതിയെയും കുറിച്ച് ബോധവൽക്കരിക്കുന്നതിന് സമർപ്പിച്ചിരിക്കുന്ന ഡിജിറ്റൽ ഇടങ്ങൾ എന്നിവ നമ്മുടെ നഗരത്തിന് ആവശ്യമാണ്.

മാധ്യമ സാക്ഷരതയുള്ള ഒരു തൃശൂർ നിർമ്മിച്ചെടുക്കണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. എന്തുപയോഗിക്കുന്നു എന്നതിനെക്കുറിച്ച് ബോധമുള്ള, സാമൂഹിക നീതിയിൽ അധിഷ്ഠിതമായ ഉള്ളടക്കം ഉൽപാദിപ്പിക്കാൻ ധീരതയുള്ള, പരിസ്ഥിതിയെക്കുറിച്ച് അവബോധമുള്ള, നമ്മുടെ ജീവിതത്തിനോട് ആഴത്തിൽ സാംഗത്യമുള്ള ഒരു തൃശൂർ. നമ്മുടെ ആഖ്യാനം വീണ്ടെടുക്കാനും, സ്വതന്ത്ര ശബ്ദങ്ങളെ ശാക്തീകരിക്കാനും, നമ്മുടെ പൊതുസ്ഥാപനങ്ങൾ അധികാരത്തെയല്ല, ജനങ്ങളെ സേവിക്കുന്നുവെന്ന് ഉറപ്പാക്കാനുമുള്ള ഒരു ആഹ്വാനമാണിത്.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- തെറ്റായ വിവരങ്ങൾ തിരിച്ചറിയുന്നതിനും മാധ്യമ സ്രോതസ്സുകളെ വിമർശനാത്മകമായി വിശകലനം ചെയ്യുന്നതിനുമുള്ള ശേഷിയോടുകൂടി പൗരരെ പ്രാപ്തരാക്കുന്നതിനായി സ്കൂളുകൾ, കോളേജുകൾ, ഗ്രന്ഥാലയങ്ങൾ എന്നിവിടങ്ങളിൽ പൊതുജന മാധ്യമ സാക്ഷരതാ പദ്ധതികൾ ആരംഭിക്കുക.
- പൗരർക്ക് പ്രാദേശിക പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യാനും, പരിഹാരങ്ങൾ നിർദ്ദേശിക്കാനും, പ്രതികരണങ്ങൾ പിന്തുടരാനും സഹായിക്കുന്ന ഒരു പൊതു ഡിജിറ്റൽ പ്ളാറ്റ്ഫോം സ്ഥാപിക്കുക
- നമ്മുടെ പൊതുയിടങ്ങളിലെ സസ്യങ്ങളേയും ജന്തുജാലങ്ങളേയും രേഖപ്പെടുത്താനും, ആവാസവ്യവസ്ഥാസംബന്ധിയായ വിവരങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനും, ഊർജ്ജസ്വലതയും ഓജസ്സുമുള്ള ഒരു “തൃശൂർ ബയോഡൈവേഴ്സിറ്റി ഡിജിറ്റൽ ആർക്കൈവ്” സൃഷ്ടിക്കുക.
- പൊതു ജനങ്ങൾക്ക് ലഭ്യമാകും വിധം വൈവിധ്യമാർന്ന ഫോർമാറ്റുകളിൽ തൃശൂരിന്റെ പ്രാദേശിക ചരിത്രം ക്രമബദ്ധമായി രേഖപ്പെടുത്തി വ്യാപകമായി പ്രചരിപ്പിക്കുക.
- സമൂഹ സംരംഭങ്ങൾ, പാരിസ്ഥിതിക പൈതൃകം, പ്രതീക്ഷ നൽകുന്ന ആഖ്യാനങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പ്രാദേശികമായ ഉള്ളടക്കങ്ങൾ സൃഷ്ടിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വാർഷിക "തൃശൂർ സ്റ്റോറീസ് ഫെസ്റ്റിവൽ" സംഘടിപ്പിക്കുക.

## 14. മാലിന്യ സംസ്കരണം

മാലിന്യ സംസ്കരണം എന്നത് സമൂഹത്തിനും പരിസ്ഥിതിക്കും ഇടയിലുള്ള ബന്ധത്തിന്റെ കണ്ണാടിയാണ്. ശേഖരിക്കുക, വേർതിരിക്കുക, നിർമാർജനം ചെയ്യുക എന്ന സാങ്കേതിക പ്രക്രിയകളിൽ അതൊതുങ്ങുന്നില്ല. ശ്രദ്ധ, ഉത്തരവാദിത്വം, പാരിസ്ഥിതിക സന്തുലിതാവസ്ഥയോടുള്ള നമ്മുടെ പ്രതിബദ്ധത എന്നിവയിലെ നമ്മുടെ കൂട്ടായ ധാർമ്മികതയുടെ നേരിട്ടുള്ള പ്രതിഫലനമാണിത്.
ഈ മേഖലയിൽ കേരളവും തൃശൂരും സാരമായി മുന്നോട്ടു നീങ്ങിയിട്ടുണ്ടെങ്കിലും, ചില ഗുരുതരമായ വിടവുകൾ നിലനിൽക്കുന്നുണ്ട്. മാലിന്യ ശേഖരണം ഇപ്പോഴും സാർവ്വത്രികമായി നടക്കുന്നില്ല. മാലിന്യം അനധികൃതമായി

ഒഴിഞ്ഞയിടങ്ങളിൽ വലിച്ചെറിയുന്നത് നിലനിൽക്കുന്നു. ശരിയായ വിധത്തിൽ കൈകാര്യം ചെയ്യാത്ത മാലിന്യം നമ്മുടെ മണ്ണ്, ജലം, വായു എന്നിവയെ മലിനമാക്കുന്നത് തുടരുന്നു. ഇത് അടിസ്ഥാനപരമായ ഒരു ന്യൂനതയെ തുറന്നു കാണിക്കുന്നു. നമ്മൾ രോഗലക്ഷണങ്ങളെയാണ് ചികിത്സിക്കുന്നത് അതിന്റെ കാരണത്തെയല്ല എന്ന ന്യൂനതയെ.

നമ്മുടെ ഉപഭോഗരീതികൾ അടിയന്തിരമായി പുനർവിചിന്തനം ചെയ്യണം, ഒരു രേഖീയ "വാങ്ങുക-ഉപയോഗിക്കുക-വലിച്ചെറിയുക" മാതൃകയിൽ നിന്ന് നിന്ന് ചാക്രികവും പുനരുപയോഗ വ്യവസ്ഥയുള്ളതുമായ മാതൃകയിലേക്ക് പരിവർത്തിക്കേണ്ടിയിരിക്കുന്നു, എല്ലാ പൗരരും ഈ പ്രക്രിയയിൽ ശാക്തീകരിക്കപ്പെട്ട പങ്കാളികളാകണം.

ഫലവത്തായ മാലിന്യ സംസ്കരണം നമ്മുടെ സാമൂഹ്യവബോധത്തിന്റേയും പരിസ്ഥിതി പ്രതിജ്ഞാബദ്ധതയുടേയും മുദ്രയാകുന്ന ഒരു തൃശൂരിനെ ഞങ്ങൾ വിഭാവനം ചെയ്യുന്നു. ഇതിനായി മാലിന്യം സ്രോതസ്സിൽ തന്നെ വേർതിരിക്കാനാകുന്ന ഒരു വ്യവസ്ഥയുണ്ടാകണം. അതിനെ പിന്തുണയ്ക്കാൻ ശാസ്ത്രീയമായ സംസ്കരണവിദ്യകളുണ്ടാകണം. അതുവഴി ആ വസ്തുക്കൾ തിരികെ നമ്മുടെ സമ്പദ് വ്യവസ്ഥയിലെത്തണം. വികേന്ദ്രീകരിച്ച ഒരു സമീപനമാണു ഞങ്ങൾ ആവശ്യപ്പെടുന്നത്. പ്രാദേശിക തൊഴിലാളികൾ, സുതാര്യതയുള്ള ഡാറ്റ, പൗരരുടെ ശക്തമായ പങ്കാളിത്തം എന്നിവയുടെ ശാക്തീകരണത്താൽ നിർമ്മിച്ചതായിരിക്കണം ഈ സമീപനം. പെരുമാറ്റത്തിലെ മാറ്റം, വിദ്യഭ്യാസം, സാങ്കേതിക വിദ്യ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് നമുക്ക് മാലിന്യ സംസ്കരണത്തെ ഒരു പൗരധർമ്മം അല്ലെങ്കിൽ പൗരചുമതല എന്നതിൽ നിന്ന് കാലാവസ്ഥാ സംബംന്ധിയായ പ്രവർത്തങ്ങളിലും നഗര പുനരുജ്ജീവന പ്രവർത്തനങ്ങളിലും ഉപയുക്തമാകുന്ന കരുത്തുള്ള ഉപകരണമായി പരിവർത്തിപ്പിക്കാവുന്നതാണ്.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- മാലിന്യസംസ്കരണത്തിലെ ഉത്പാദനം മുതൽ ശേഖരണം, വേർതിരിക്കൽ, സംസ്കരണം എന്നിവ വരെയുള്ള മുഴുവൻ പ്രക്രിയകളും പൗരർക്ക് നിരീക്ഷിക്കാൻ കഴിയുന്ന രീതിയിൽ, പൊതു വിദ്യാഭ്യാസ പദ്ധതിയായി "ക്ലീൻ സിറ്റി ട്രെയ്ൽസ്" (clean city trails) നടപ്പിലാക്കുക, അതുവഴി മാലിന്യം ശരിയായ വിധത്തിൽ കൈകാര്യം ചെയ്യാത്തതിന്റെ അനന്തരഫലങ്ങളും ശരിയായ സംസ്കരണരീതികളുടെ നേട്ടങ്ങളും പ്രദർശിപ്പിക്കുക.
- ജൈവ മാലിന്യം കമ്പോസ്റ്റാക്കി മാറ്റുന്നതിന് അയൽപക്കതലത്തിൽ സംവിധാനങ്ങൾ നടപ്പിലാക്കുക, മണ്ണിനെ പുനരുജ്ജീവിപ്പിക്കുന്നതിനും രാസവളങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിനും നഗരത്തിലെ കൃഷിയിലേക്കും ടെറസ് ഗാർഡനുകളിലേക്കും നേരിട്ട് ലഭ്യമാക്കുക.
- ഇ-മാലിന്യങ്ങളും ബാറ്ററി മാലിന്യങ്ങളും സമർപ്പിത ശേഖരണ കേന്ദ്രങ്ങളിലൂടെയും സുരക്ഷിതമായ സംസ്കരണ രീതികളിലൂടെയും, കൈകാര്യം ചെയ്യുക, ഇവ മാലിന്യക്കൂമ്പാരങ്ങളിൽ നിന്നും ജലാശയങ്ങളിൽ നിന്നും അകറ്റി നിർത്തുന്നതിന് വ്യാപീകൃത ഉൽപാദക ഉത്തരവാദിത്തം (Extended Producer Responsibility) നടപ്പിലാക്കുക.
- നിർമ്മാണത്തിൽ നിന്നും, കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്നതിൽ നിന്നുമുള്ള മാലിന്യങ്ങൾ പുതിയ പദ്ധതികളിൽ പുനരുപയോഗിക്കാൻ നിർബന്ധിക്കുക.
- കുളങ്ങൾ, കനാലുകൾ, കിണറുകൾ, തണ്ണീർത്തടങ്ങൾ എന്നിവയ്ക്ക് സമീപമുള്ള മലിനജലം, മണ്ണൊലിപ്പ്, അനധികൃത മാലിന്യനിക്ഷേപം എന്നിവ തടയുന്ന സമഗ്രവും ഏകീകൃതവുമായ ആസൂത്രണത്തിലൂടെ ജലസ്രോതസ്സുകളെ മലിനീകരണത്തിൽ നിന്ന് സംരക്ഷിക്കുക.
- "നിരസിക്കുക, കുറവ് വരുത്തുക, പുനരുപയോഗം ചെയ്യുക" (Refuse, Reduce, Reuse) എന്ന വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള പൊതുവിദ്യാഭ്യാസ കാമ്പെയ്നുകൾ ആരംഭിക്കുക. ഇത് പെരുമാറ്റരീതികളിലെ മാറ്റം, ഒരു വ്യക്തി ഉപേക്ഷിക്കുന്നതെന്തോ അതിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കുക എന്ന സംസ്കാരം നിർമ്മിച്ചെടുക്കുക എന്നിവയ്ക്ക് സഹായമാകണം.
- മാലിന്യ സംസ്കരണത്തിന്റെ ഏറ്റവും ദൃശ്യവും അനന്തരഫലവുമായ പരാജയങ്ങളിലൊന്നാണ് മലിനമായ ജലം എന്നതിനാൽ, പൊതു പ്രചാരണങ്ങളിൽ ജലാരോഗ്യ സംരക്ഷണത്തിന് പ്രത്യേക ശ്രദ്ധ കൊടുക്കുക.
- ചവറ്റുകുട്ടകളും ശേഖരണ സംവിധാനങ്ങളും പൂർണ്ണമായ പരിഹാരമല്ല, മറിച്ച് മാലിന്യസംസ്കരണത്തെ ഒരു പരിധി വരെ സഹായിക്കുന്നത് മാത്രമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, തീർത്തും അടിസ്ഥാന സൗകര്യങ്ങളാൽ നയിക്കപ്പെടുന്ന പോംവഴികൾക്ക് ഉപരിയായി പെരുമാറ്റ കേന്ദ്രീകൃതമായ സമീപനത്തിനു മുൻഗണന നൽകുക.

## 15. പൊതുസ്വത്ത് (Commons)

ജലാശയങ്ങൾ, തണ്ണീർത്തടങ്ങൾ, നഗര ഉദ്യാനങ്ങൾ എന്നിവയുൾപ്പെടെയുള്ള പൊതുവിഭവങ്ങളുടെ തിരോധാനവും ദുരുപയോഗവും നിർണ്ണായകമായ ഒരു ആഗോള പ്രശ്നമാണ്. തൃശ്ശൂരിൽ, കോൾ നിലങ്ങൾ എന്നറിയപ്പെടുന്ന നെൽവയലുകൾ ഇത്തരത്തിൽ നിർണ്ണായകമായ ഒരു പൊതുവിടത്തിന്റെ ഉത്തമോദാഹരണമാണ്, അവ മനുഷ്യർക്കും മനുഷ്യേതര ജീവജാലങ്ങൾക്കും ജീവനോപാധികളും വാസസൗകര്യവും പ്രദാനം ചെയ്യുന്നു. കോൾ നെൽ വയലുകൾ സംസ്ഥാനത്തെ ശരാശരിയേക്കാൾ ഉയർന്ന വിളവു നൽകുന്നെങ്കിലും അമിതമായ രാസവളത്തിന്റെയും കീടനാശിനികളുടെയും ഉപയോഗം അവയുടെ ദീർഘകാലാരോഗ്യത്തിനു ഭീഷണിയാകുകയും അതുമൂലമുള്ള വെല്ലുവിളികളെ അവ നേരിടുകയും ചെയ്യുന്നു.

ഈ പൊതുവായ വിഭവങ്ങളെ ആശ്രയിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന നഗരവാസികൾ എന്ന നിലയിൽ, അവ സുസ്ഥിരമായി ഉപയോഗിക്കാനും അവ എല്ലാവർക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാനും നമുക്ക് ഉത്തരവാദിത്തമുണ്ട്. അതിനൊപ്പം അവ എല്ലാവർക്കും ഉപയോഗപ്രദമാകുന്നു എന്നുറപ്പുവരുത്തേണ്ടതുമുണ്ട്. അതിനായി ഞങ്ങൾ "സാമൂഹിക സ്വത്തായ നഗരങ്ങൾ" (cities as commons) എന്ന ആശയത്തെ ആലിംഗനം ചെയ്യുന്നു. ഇതിൽ നമ്മുടെ പുഴകൾ, തടാകങ്ങൾ, തേക്കിൻകാട് മൈതാനം, സ്വരാജ് റൗണ്ട് പോലുള്ള പൊതു ഇടങ്ങൾ, ഉത്സവങ്ങൾ, ഭക്ഷ്യ സംസ്കാരങ്ങൾ, നാം പങ്കിടുന്ന ചരിത്രം, തുടങ്ങി നമ്മൾ കൂട്ടായി ഉത്പാദിപ്പിക്കുന്ന മാലിന്യം വരെ ഉൾപ്പെടുന്നു, ഇവയെ ഒരു സാധ്യതയുള്ള വിഭവമായി പുനർവിചിന്തനം ചെയ്യണം.

എല്ലാവരും, പ്രത്യേകിച്ചും യുവജനങ്ങൾ, പൊതുയിടങ്ങൾ ഉപയോഗിക്കുന്നതിൽ ആഹ്ളാദവും സഫലീകരണവും കണ്ടെത്തുന്ന ഒരു തൃശൂരിനെ സൃഷ്ടിക്കണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. അതുവഴി നമ്മുടെ നഗര പൈതൃകത്തിനായുള്ള ഉത്തരവാദിത്തവും കാരുണ്യവുമുള്ള ഒരു സംസ്കാരമുണ്ടാകുന്നു എന്നുറപ്പുവരുത്തണം.

ഈ പശ്ചാത്തലത്തിൽ ഞങ്ങൾ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നു:

- സൂക്ഷ്മമായ രൂപകല്പന, സ്ഥിരതയുള്ള പരിപാലനം, പൊതുസ്ഥലങ്ങളിൽ സാംസ്കാരിക പരിപാടികളെ സജീവമായി പ്രോത്സാഹിപ്പിക്കൽ എന്നിവ വഴി ഇത്തരം പൊതു സമ്പത്തിനോടുള്ള പൊതുജന പ്രതിബദ്ധതയെ ശക്തിപ്പെടുത്തുക.
- ഗ്രന്ഥശാലകൾ, ഉദ്യാനങ്ങൾ, സമൂഹകേന്ദ്രങ്ങൾ തുടങ്ങിയ വാണിജ്യേതര പൊതു ഉപയോഗയിടങ്ങൾക്ക് സജീവമായി പദ്ധതിയിടുകയും അവയ്ക്ക് വേണ്ട ധനശേഖരണം നടത്തുകയും അവയെ സംരക്ഷിക്കുകയും ചെയ്യുക. അവിടെ വിവിധ ജനങ്ങൾക്ക് പരസ്പരം ഇടപഴകാനും ഒരു സാമൂഹ്യ മൂലധനം കെട്ടിയുയർത്താനും അവസരമൊരുക്കുക.
- ഉദ്യാനങ്ങൾ, മൈതാനങ്ങൾ, ജലാശയങ്ങൾ എന്നിവയെ ഓജസ്സുള്ള സാമൂഹ്യ കേന്ദ്രങ്ങളാക്കി പരിവർത്തിപ്പിക്കുക. അതിനായി അവിടെ നിരന്തരം ആഘോഷങ്ങളും, സാംസ്കാരിക പരിപാടികളും നടത്തുകയും പ്രാദേശിക ക്ളബ്ബുകൾക്കും സർക്കാരിതര സംഘടനകൾക്കും ഈ സ്ഥലം ഉപയോഗിക്കാനനുമതി നൽകുകയും ചെയ്യുക.
- പൗരബോധത്തിന്റെയും സമൂഹ ഉടമസ്ഥതയുടെയും പാരസ്പര്യത്തിന്റെയും ബോധം വളർത്തിയെടുക്കുന്നതിന്, ഇത്തരം പൊതുസ്ഥലങ്ങളെ തുറന്ന പഠനകേന്ദ്രങ്ങളായി രൂപപ്പെടുത്തുക.
- പൊതുയിടങ്ങളുടെ ഏതൊരു നവീകരണ, പുനർനിർമ്മാണ പദ്ധതികളിലും അരികുവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ ആവശ്യങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് അവരുടെ തുടർന്നുള്ള പ്രവേശനം സംരക്ഷിക്കുക.
- പൊതുയിടങ്ങൾ സ്വകാര്യവത്കരിക്കുന്നതിനേയും അതിന്റെ ഉപയോഗം നിയന്ത്രിക്കപ്പെടുന്നതിനെയും ഔപചാരികമായി തന്നെ എതിർത്ത് പൊതുജനങ്ങൾക്ക് അവിടേക്കുള്ള പ്രവേശനം ഉറപ്പുവരുത്തുക
- വടക്കേ ചിറയെ ഒരു കമ്മ്യൂണിറ്റി വെൽനസ് ഹബ്ബായി വികസിപ്പിക്കുക, അതിൽ ഓപ്പൺ എയർ ജിം സൗകര്യങ്ങൾ സ്ഥാപിക്കുക എന്നിവ ഉൾപ്പെടുന്നു.
- തൃശൂരിന്റെ പ്രാദേശിക ചരിത്രവും പൈതൃകവും പ്രദർശിപ്പിക്കാനാകുന്ന ഒരു മ്യൂസിയമാക്കി വഞ്ചിക്കുളത്തെ നവീകരിക്കുക.
- നഗരത്തിൽ ഭക്ഷ്യച്ചെടികൾ കൃഷി ചെയ്യുന്നത് കുട്ടികൾക്ക് പഠിക്കാനുതകും വിധം ജവഹർലാൽ നെഹ്റു ചിൽഡ്രൻസ് പാർക്കിനെ പുനർസങ്കല്പിക്കുക.
- ചെമ്പുക്കാവ് മൃഗശാലാ പരിസരം ഒരു ഹരിത സങ്കേതമായി സംരക്ഷിക്കുക. അവിടെ കമ്മ്യൂണിറ്റി ഫുഡ് ഗാർഡനുകൾ, ചിത്രശലഭങ്ങളുടെയും തുമ്പികളുടെയും ആവാസ വ്യവസ്ഥകൾ, സാംസ്കാരിക ആവിഷ്കാരത്തിനുള്ള ഇടങ്ങൾ എന്നിവ

- സൃഷ്ടിച്ച്, പ്രാദേശിക ജൈവവൈവിധ്യത്തിന്റെ കേന്ദ്രമായി അതിനെ പ്രോത്സാഹിപ്പിക്കുക.
- കോൾ തണ്ണീർത്തടങ്ങളെ നിർണായക ജൈവവൈവിധ്യ മേഖലകളായി ആഘോഷിക്കുകയും സംരക്ഷിക്കുകയും ചെയ്യുക, അസംഖ്യം ദേശാടന പക്ഷികളുടെ ആവാസവ്യവസ്ഥ എന്ന നിലയിൽ അവയുടെ സുപ്രധാന പങ്ക് തിരിച്ചറിയുക.

# ഉപസംഹാരം

**ഒത്തുചേരുന്ന പ്രതിസന്ധികളുടെ നിഴലിലാണ് നാം ജീവിക്കുന്നത്,**
**പക്ഷേ ഒത്തുചേരുന്ന പരിഹാരങ്ങളുടെ വെളിച്ചത്തിലാണ് നാം നിലകൊള്ളുന്നത്.**

വ്യത്യസ്തമായ ഒരു നഗരം സാധ്യമാണെന്ന് മാത്രമല്ല, നമ്മുടെ കൂട്ടായ ഭാവനയിലും പ്രവൃത്തിയിലുമാണ് അതിന്റെ വിത്തുകളിരിക്കുന്നത് ബോധ്യത്തിൽ നിന്നാണ് തൃശ്ശൂരിനായുള്ള യുവജനങ്ങളുടെ അവകാശപത്രിക എന്ന ആശയം ജനിച്ചത്.

സ്വതന്ത്രമാക്കുന്ന വിദ്യഭ്യാസം, ശാക്തീകരിക്കുന്ന ജനാധിപത്യം, പുനരുജ്ജീവിപ്പിക്കുന്ന സമ്പദ്‌വ്യവസ്ഥ, പരസ്പരം ബന്ധിപ്പിക്കുന്ന സംസ്കാരം എന്നിവയ്ക്കായി ഞങ്ങൾ മുന്നോട്ടുവച്ച പരസ്പരബന്ധിതമായ വീക്ഷണങ്ങൾ ഒറ്റപ്പെട്ട ആവശ്യങ്ങളല്ല. തൃശ്ശൂരിന് സമഗ്രമായ ആരോഗ്യത്തിന്റെയും ക്ഷേമത്തിന്റെയും നഗരമായി മാറാൻ കഴിയും, അവിടെ ഓരോ പൗരന്റെയും ആരോഗ്യം നമ്മുടെ സമൂഹത്തിന്റെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യത്തിൽ നിന്ന് വേർതിരിക്കാനാവില്ല എന്ന പരിവർത്തനത്തിന്റെ ആശയത്തിന്റെ അനിവാര്യവും പരസ്പരബന്ധിതവുമായ തൂണുകളാണ് അവ.

ഉത്തരവാദിത്തമുള്ള ഊർജ്ജ ഉപയോഗത്തിലൂടെയും മാലിന്യ സംസ്കരണത്തിലൂടെയും ഭക്ഷ്യ-ജല സുരക്ഷയുടെയും അടിത്തറയിലാണ് ഈ ദർശനം നിർമ്മിച്ചിരിക്കുന്നത്. മനുഷ്യർക്കും ഭൂമിക്കും മുൻഗണന നൽകുന്ന നഗര ആസൂത്രണവും എല്ലാവർക്കും സമത്വമുള്ള ഗതാഗതസൗകര്യ വ്യവസ്ഥയും ഇതിൽ ചേരുന്നു. മാധ്യമങ്ങൾ പൊതുജനങ്ങളെ സേവിക്കുന്ന, പൊതുജനങ്ങൾ പൊതുവിടങ്ങളെ വിലമതിക്കുന്ന, നമ്മുടെ പരിസ്ഥിതിയെ കൂട്ടായ നിലനിൽപ്പിന്റെ ജീവനുള്ളതും ശ്വസിക്കുന്നതുമായ അടിത്തറയായി അംഗീകരിക്കപ്പെടുന്ന ഒരു നഗരത്തെ നമ്മൾ വിഭാവനം ചെയ്യുന്നു.

വിമർശനങ്ങൾക്കപ്പുറത്തേക്ക്, പ്രായോഗികമായ, പ്രതീക്ഷ നൽകുന്ന, മാർഗ്ഗങ്ങൾ ഞങ്ങൾ അവതരിപ്പിച്ചിരിക്കുന്നു. മുന്നോട്ടുള്ള പാതയ്ക്ക് അടിസ്ഥാനപരമായ മാറ്റങ്ങൾ ആവശ്യമാണ്. ചൂഷണത്തിന്റേയും ഉപഭോഗത്തിന്റേയും സംസ്കാരത്തിൽ നിന്ന് സംരക്ഷണത്തിന്റേയും പുനരുജ്ജീവനത്തിന്റേയും സംസ്കാരത്തിലേക്കുള്ള മാറ്റം. ഏതാനും ചിലർക്ക് ലാഭം എന്നതിൽ നിന്ന് എല്ലാവർക്കും അഭിവൃദ്ധി എന്നതിലേക്കുള്ള മാറ്റം. സ്വന്തം ക്ഷേമം എന്നതിൽ നിന്ന് സമൂഹത്തിന്റെ ക്ഷേമം എന്നതിലേക്കുള്ള മാറ്റം...

ഇത് ഞങ്ങളുടെ സംയുക്ത പ്രവർത്തനമാണ്. തൃശ്ശൂരിലെ യുവാക്കളായ ഞങ്ങൾ, നിർദ്ദേശിക്കുന്നതിനും, കെട്ടിപ്പടുക്കുന്നതിനും, ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിനുമുള്ള ഈ മഹത്തായ സംരംഭത്തിൽ പങ്കാളികളാകാൻ പ്രതിജ്ഞാബദ്ധരാണ്.


പകരമായി, നമ്മുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഭരണനിർവ്വഹണ സ്ഥാപനങ്ങളും ഈ കാലം ആവശ്യപ്പെടുന്ന ധൈര്യത്തോടും, സത്യസന്ധതയോടും, അടിയന്തിരതയോടും കൂടി ഉൾക്കൊള്ളണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

ഈ പ്രകടന പത്രിക നമ്മെ നയിക്കുന്ന ഒരു ദിശാസൂചകമാകട്ടെ. ഒരുമിച്ച്, നമുക്ക് കേവലം അതിജീവനശേഷിയുള്ളതല്ല, മറിച്ച് എല്ലാ രീതികളിലും ജീവസ്സുറ്റ ഒരു തൃശൂർ നിർമ്മിക്കാം. വരാനിരിക്കുന്ന തലമുറകൾക്കും ആനന്ദത്തിന്റെയും, നീതിയുടെയും, ഐക്യത്തിന്റെയും ഒരു നഗരമായി. ഭാവി എന്നത് നമ്മൾ എത്തിച്ചേരുന്ന ഒരു ലക്ഷ്യസ്ഥാനമല്ല, മറിച്ച് അത് നമ്മളൊന്നിച്ച് ഇന്ന് മുതൽ സൃഷ്ടിച്ചെടുക്കുന്ന ഒരു നഗരമാണ്.

# അനുബന്ധം

ഈ പത്രികയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ചില രൂപരേഖകളുടെ കൂടുതൽ വിശദാംശങ്ങൾ ഇവിടെ നൽകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

**01. ബദൽ പരിവർത്തനത്തിന്റെ രൂപരേഖ - Alternatives Transformation Framework**





ചിത്രം: പരിവർത്തനത്തിന്റെ പുഷ്പം - മൗലിക ബദലുകളുടെ മേഖലകൾ

വ്യവസ്ഥാപരമായ മാറ്റത്തിന് അത്യാവശ്യമായ പരസ്പരബന്ധിതമായ മേഖലകളെ ബദൽ പരിവർത്തനത്തിന്റെ രൂപരേഖയിൽ ദൃശ്യവൽക്കരിക്കുന്നു. 'സാമൂഹിക ക്ഷേമവും നീതിയും', 'സാമ്പത്തിക ജനാധിപത്യം', 'പാരിസ്ഥിതിക സമഗ്രതയും അതിജീവനശേഷിയും', 'നേരിട്ടുള്ളതും പ്രാതിനിധ്യ രീതിയിലുമുള്ള ജനാധിപത്യം', 'സാംസ്കാരിക വൈവിധ്യവും ജ്ഞാനമേഖലയിലെ ജനാധിപത്യവും' എന്നിവയാണ് അഞ്ച് മേഖലകൾ. ആധിപത്യപരവും ചൂഷണപരവുമായ സംവിധാനങ്ങൾക്ക് എതിരെ നിൽക്കുന്ന പ്രായോഗിക പ്രവർത്തനങ്ങൾ, നയങ്ങൾ, പ്രക്രിയകൾ, സാങ്കേതികവിദ്യകൾ, ആശയങ്ങൾ എന്നിവയെയാണ് ബദലുകൾ എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. സമത്വം, സുസ്ഥിരത, നീതി എന്നീ തത്വങ്ങളുമായി ഏതൊരു സംരംഭത്തെയും യോജിപ്പിക്കാൻ സഹായിക്കുന്ന, അവയുടെ സ്വയം വിലയിരുത്തലിനും അതിന്മേലുള്ള ചർച്ചക്കുമുള്ള ഒരു ഉപകരണമായി ഇത് പ്രവർത്തിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: https://vikalpsangam.org/about-us/

**02. ഡോനട്ട് സമ്പദ്വ്യവസ്ഥ - Doughnut Economics**





ചിത്രം: സാമൂഹ്യ-പ്രാപഞ്ചിക അതിരുകളുടെ ഡോനട്ട്

ഡോനട്ടിന്റെ ആകൃതിയിലുള്ള സുസ്ഥിര വികസനത്തിനായുള്ള ഒരു ദൃശ്യരൂപരേഖയാണ് ഡോനട്ട് സമ്പദ്വ്യവസ്ഥ. ഇതിന്റെ അകത്തെ വലയം സാമൂഹിക അടിത്തറയെ പ്രതിനിധീകരിക്കുന്നു, ഒരു മനുഷ്യനാവശ്യമായ ഏറ്റവും അവശ്യ ജീവിത നിലവാരം. ഇതിൽ 'വിദ്യഭ്യാസം', 'വരുമാനവും ജോലിയും', സമാധാനവും നീതിയും', 'രാഷ്ട്രീയ ശബ്ദം', 'സാമൂഹിക ഐക്യം', 'സമത്വം, 'പാർപ്പിട സൗകര്യം', കണക്ടിവിറ്റി, 'ഊർജ്ജം', 'വെള്ളം', 'ഭക്ഷണം', 'ആരോഗ്യം' എന്നിവ ഉൾപ്പെടുന്നു. ബാഹ്യവലയം പാരിസ്ഥിതിക പരിധിയെ പ്രതിനിധീകരിക്കുന്നു, ഗുരുതരമായ പാരിസ്ഥിതിക തകർച്ച ഒഴിവാക്കുന്നതിനായി നമ്മൾ മറികടക്കാൻ പാടില്ലാത്ത പ്രാപഞ്ചിക അതിരുകൾ. ഈ രണ്ട് വലയങ്ങൾക്കിടയിലുള്ള സുരക്ഷിതവും നീതിയുക്തവുമായ ഇടത്ത് മനുഷ്യരാശി അഭിവൃദ്ധി പ്രാപിക്കുക എന്നതാണ് ലക്ഷ്യം.

കൂടുതൽ വിവരങ്ങൾക്ക്: [https://doughnuteconomics.org/about-doughnut-economics](https://doughnuteconomics.org/about-doughnut-economics)

**03. പ്രാപഞ്ചിക അതിരുകൾ - Planetary Boundaries**




ചിത്രം: പ്രാപഞ്ചിക അതിരുകളുടെ ഏറ്റവും പുതിയ 2025-ലെ നവീകരണം

ഭൂമിയുടെ സ്ഥിരതയും കരുത്തും നിലനിർത്തുന്നതിനവശ്യം വേണ്ട ഒമ്പത് ഭൂവ്യവസ്ഥാ നടപടിക്രമങ്ങൾ തിരിച്ചറിഞ്ഞുകൊണ്ട് മനുഷ്യവർഗ്ഗത്തിനു പ്രവർത്തിക്കാനാകുന്ന സുരക്ഷിതയിടത്തെ നിർവചിക്കുന്ന രൂപരേഖയാണ് പ്രാപഞ്ചിക അതിരുകൾ എന്നത്. ഓരോ മേഘലക്കും അളന്ന് തിട്ടപ്പെടുത്താവുന്ന ഒരു പ്രാപഞ്ചിക അതിര് സ്ഥാപിച്ചിരിക്കുന്നു. അത് മറികടക്കുകയാണെങ്കിൽ, വലിയ തോതിലുള്ളതും പെട്ടെന്നുള്ളതും മാറ്റാനാവാത്തതുമായ പാരിസ്ഥിതിക മാറ്റങ്ങൾക്ക് കാരണമാകാനുള്ള സാധ്യത അതിഭീകരമായി വർദ്ധിക്കുന്നു. `കാലാവസ്ഥാ വ്യതിയാനം`, `ജൈവമണ്ഡല സംശുദ്ധി`, `ഭൂവ്യവസ്ഥയിലെ മാറ്റം`, `ശുദ്ധജലത്തിലെ മാറ്റം`, `ജൈവ-ഭൂ-രാസ ഒഴുക്കുകൾ`, `സമുദ്ര അമ്ലീകരണം`, `അന്തരീക്ഷത്തിലെ ഏറോസോൾ ലോഡിങ്ങ്`, `ബഹിരാകാശത്തിലെ ഓസോൺ ക്ഷയം`, `പുതിയ ഘടകങ്ങൾ` എന്നിവയാണ് ഒമ്പത് പ്രാപഞ്ചിക അതിരുകൾ. നിലവിൽ, മനുഷ്യ ഇടപെടലുകൾ മൂലം ഇതിൽ കാലാവസ്ഥാ വ്യതിയാനം, ജൈവമണ്ഡല സംശുദ്ധി ഉൾപ്പടെ ആറെണ്ണം സുരക്ഷിത പരിധിക്കപ്പുറത്തേക്ക് കടന്നിരിക്കുന്നു. ഭൂമിയുടെ പാരിസ്ഥിതിക പരിധികൾ നാം മറികടക്കുന്നുണ്ടെന്നും സുസ്ഥിരമായ ഒരു ഭാവി ഉറപ്പാക്കാൻ ഈ സുപ്രധാന സംവിധാനങ്ങളിലുള്ള നമ്മുടെ സമ്മർദ്ദം കുറയ്ക്കണമെന്നും കാണിക്കുന്നതിനുള്ള ഒരു ശാസ്ത്രാധിഷ്ഠിത വഴികാട്ടിയായി ഈ ആശയം പ്രവർത്തിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക്: [https://www.stockholmresilience.org/research/planetary-boundaries.html](https://www.stockholmresilience.org/research/planetary-boundaries.html)

നിങ്ങളുടെ നഗരം നിങ്ങൾക്ക് എന്താണ് അർത്ഥമാക്കുന്നത്?
നഗരവുമായും നഗരനിവാസികളുമായുള്ള നിങ്ങളുടെ ബന്ധത്തെ എങ്ങനെ വിലയിരുത്തുന്നു?

ഈ യുവജന അവകാശപത്രിക വായിച്ചതിൽനിന്നുള്ള
നിങ്ങളുടെ ചിന്തകളും അഭിപ്രായങ്ങളും എന്താണ്?

നിങ്ങളുടെ വാർഡിൽ/പ്രദേശത്ത്/നഗരത്തിൽ എന്തെല്ലാം
മാറ്റങ്ങൾ കാണാനും കൊണ്ടുവരാനും നിങ്ങൾ ആഗ്രഹിക്കുന്നു?

# ലേർണിംഗ് സിറ്റി തൃശൂരിനെ കുറിച്ച്

ലേർണിംഗ് സിറ്റി തൃശൂർ എന്നത് 2020-ൽ സ്ഥാപിതമായതും പൗരരാൽ നയിക്കപ്പെടുന്നതുമായ ഒരു സംരംഭമാണ്. നഗരത്തെ അവസരങ്ങളുടെ ആവാസവ്യവസ്ഥയായി കാണുന്ന ഒന്ന്. ഏതൊരു വ്യക്തിക്കും അറിവ് നേടുവാനും, വികസിക്കാനും അവരുടെ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റാനുമുള്ള വിഭവവിശാലതയും സാധ്യതകളും തൃശൂരിലുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഈ സാധ്യതകളെ സജീവമാക്കുന്നതിനുള്ള ഒരു വേദി ഞങ്ങൾ നിർമിച്ചുകൊണ്ടിരിക്കുന്നു, അതുവഴി ആളുകൾക്ക് സ്വന്തം ജീവിതത്തിൽ മാത്രമല്ല, അവർ താമസിക്കുന്ന നഗരത്തിലെ പൗര-സാംസ്കാരിക ജീവിതത്തിലും പങ്കെടുക്കാൻ അവസരമൊരുക്കുന്നു.

സുസ്ഥിരത, പ്രാദേശിക ചരിത്രം, മാലിന്യ നിയന്ത്രണം, പാരമ്പര്യ വിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണം, പഠനം, പ്രവർത്തനം എന്നിവയിലൂടെ ഞങ്ങൾ പ്രാദേശികവൽക്കരണത്തിനും ഉത്തരവാദിത്തബോധമുള്ള പൗരത്വത്തിനുമായി വഴികളൊരുക്കുന്നു. അതിജീവനശേഷിയുള്ളതും, ഇവിടെ വസിക്കുന്നവരാൽ തന്നെ രൂപപ്പെട്ടതുമായ ഒരു തൃശൂരിന്റെ സഹനിർമ്മാണമാണ് ഞങ്ങളുടെ ലക്ഷ്യം.

www.learningcitythrissur.org

learningcitythrissur@gmail.com

‘തൃശൂരിനു വേണ്ടി ഒരു യുവജന അവകാശപത്രിക - 2025’
എന്ന ഈ രേഖയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കും സംഭാഷണങ്ങൾക്കും ബന്ധപ്പെടുക:

ആഷിക് കൃഷ്ണൻ: ashikkrishnank@gmail.com
ഐശ്വര്യ പ്രദീപ്: aishwaryapradip@gmail.com
ആൻ പീറ്റർ: work.annmuringathery@gmail.com
സുകന്യ വേണുഗോപാൽ: sukanyavenugopal96@gmail.com

LEARNING CITY THRISSUR

A Youth Manifesto for Thrissur

- 2025 -

തൃശ്ശൂരിന് വേണ്ടി ഒരു യുവജന അവകാശപത്രിക

- 2025 -

www.learningcitythrissur.org